2023
JULY
01
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995




## ട്വിറ്ററിന്റെ ഹർജി തള്ളി കോടതി, 50 ലക്ഷം പിഴ

**ബെംഗളൂരു:** ചില ട്വീറ്റുകളും അക്കൗണ്ടുകളും നീക്കം ചെയ്യണമെന്ന കേന്ദ്രസർക്കാർ നിർദേശത്തിനെതിരെ സമൂഹമാധ്യമ കമ്പനിയായ ട്വിറ്റർ സമർപ്പിച്ച ഹർജി കർണാടക ഹൈക്കോടതി തള്ളി. കേന്ദ്രനിർദേശം പാലിക്കാതെ കോടതി സമീപിച്ചതിനു ട്വിറ്ററിൽനിന്ന് 50 ലക്ഷം രൂപ ഈടാക്കാനും ജസ്റ്റിസ് കൃഷ്ണ ദീക്ഷിത് വിധിച്ചു. ഐടി നിയമത്തിന്റെ 69എ വകുപ്പു പ്രകാരം, ട്വീറ്റുകളും അക്കൗണ്ടുകളും നീക്കം ചെയ്യാൻ കേന്ദ്ര ഐടി മന്ത്രാലയം നൽകിയ നിർദേശം അഭിപ്രായസ്വാതന്ത്ര്യത്തിന് എതിരാണെന്നു ചൂണ്ടിക്കാട്ടിയാണു ട്വിറ്റർ കോടതിയിൽ എത്തിയത്.

എന്നാൽ കേന്ദ്ര നിർദേശം പാലിക്കാൻ വൈകിയതിൽ ട്വിറ്ററിനെ കോടതി രൂക്ഷമായി വിമർശിച്ചു. ട്വിറ്റർ ഒരു വിദേശകമ്പനിയാണെന്നും ഭരണഘടനയുടെ 19, 21 വകുപ്പുകൾ പ്രകാരം ഇന്ത്യൻ പൗരന് അഭിപ്രായസ്വാതന്ത്ര്യത്തിനും വ്യക്തി സ്വാതന്ത്ര്യത്തിനും ഉറപ്പാക്കിയിരിക്കുന്ന അവകാശം ട്വിറ്ററിന് അവകാശപ്പെടാനാവില്ലെന്നും കോടതി ചൂണ്ടിക്കാട്ടി. ട്വീറ്റുകളും അക്കൗണ്ടുകളും നീക്കം ചെയ്യണമെന്നു നിർദേശിക്കാൻ കേന്ദ്രസർക്കാരിന് അവകാശമുണ്ടെന്നു കോടതി പറഞ്ഞു.

നിങ്ങളുടെ കക്ഷിക്ക് സർക്കാർ നോട്ടിസ് നൽകിയെങ്കിലും അതു പാലിച്ചില്ല. നിർദേശം അനുസരിക്കാതിരുന്നതിനു ഏഴു വർഷം ശിക്ഷയും അപരിമിതമായ പിഴയും നൽകാവുന്നതാണ്. എന്തുകൊണ്ടാണ് ഉത്തരവ് പാലിക്കാൻ ഒരു വർഷത്തിലേറെ വൈകുന്നതെന്നതിനു കാരണവും അറിയിച്ചിട്ടില്ല. എന്നാൽ പൊടുന്നനെ ഉത്തരവ് നടപ്പാക്കിയശേഷം കോടതിയെ സമീപിക്കുകയായിരുന്നു. നിങ്ങൾ ഒരു കർഷകനല്ല, മറിച്ച് ബില്യൻ ഡോളർ കമ്പനിയാണ്  കോടതി വ്യക്തമാക്കി. നടപടികൾ വൈകിപ്പിച്ചതിനു ട്വിറ്റർ 50 ലക്ഷം രൂപ 45 ദിവസത്തിനുള്ളിൽ കർണാടക സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റിക്കു നൽകണമെന്നു കോടതി ഉത്തരവിട്ടു. വൈകിയാൽ ഓരോ ദിവസവും 5,000 രൂപ അധികം നൽകേണ്ടിവരുമെന്നും കോടതി അറിയിച്ചു.

കോടതി ഉത്തരവിൽ സന്തോഷമുണ്ടെന്ന് കേന്ദ്ര ഐടി സഹമന്ത്രി രാജീവ് ചന്ദ്രശേഖർ പറഞ്ഞു. ഇത്തരം പ്ലാറ്റ്ഫോമുകൾ കേന്ദ്രനിർദേശം പാലിക്കാതിരിക്കുന്നതിനെതിരെ കോടതി നടത്തിയ പരാമർശങ്ങൾ സ്വാഗതാർഹമാണ്. രാജീവ് ചന്ദ്രശേഖർ പ്രതികരിച്ചു.

# മഹാരാഷ്ട്രയിൽ ഓടുന്ന ബസിന് തീപിടിച്ച് പൊട്ടിത്തെറിച്ചു; 25 പേർക്ക് ദാരുണാന്ത്യം



**ബുൽഡാന (മഹാരാഷ്ട്ര):** മഹാരാഷ്ട്രയിൽ ഓടുന്ന ബസിന് തീപിടിച്ച് 25 പേർക്ക് ദാരുണാന്ത്യം. ഒട്ടേറെപ്പേർക്ക് പരുക്കേറ്റു. മിക്കവരുടെയും നില ഗുരുതരമാണ്. മരണസംഖ്യ ഇനിയും ഉയരുമെന്നാണ് വിവരം. വിദർഭ മേഖലയിൽ നാഗ്പുർ മഹാരാഷ്ട്ര സമൃദ്ധി മഹാമാർഗ് എക്സ്പ്രസ് വേയിലാണ് അപകടമുണ്ടായത്. അപകടത്തിന്റെ കാരണം വ്യക്തമല്ല. ബസ് ഡിവൈഡറിൽ ഇടിച്ച് മറിഞ്ഞാണ് തീപിടിച്ചതെന്നാണ് പ്രാഥമിക വിവരം.

യവത്മാലിൽനിന്ന് പുണെയിലേക്കു പോയ ബസിനാണ് ബുൽഡാനയിൽ വച്ച് തീപിടിച്ചത്. ഇന്നു പുലർച്ചെ രണ്ടു മണിയോടെയായിരുന്നു അപകടമെന്നാണ് വിവരം. അപകടത്തിൽപെട്ട ബസ് പൂർണമായും കത്തിനശിച്ചു. യവത്മാലിൽനിന്ന് പുണെയിലേക്ക് ഏതാണ്ട് 10 മണിക്കൂറോളം യാത്രയുണ്ട്. യവത്മാലിൽനിന്ന് യാത്രയാരംഭിച്ച ബസ് നിയന്ത്രണം വിട്ട് ഒരു ഡിവൈഡറിൽ ഇടിച്ച് മറിയുകയായിരുന്നെന്നാണ് റിപ്പോർട്ട്. മറിഞ്ഞതിനു തൊട്ടുപിന്നാലെ ബസിന് തീപിടിച്ചു. മറിഞ്ഞ ബസിൽനിന്ന് പുറത്തു കടക്കാനാകാതെ യാത്രക്കാർ ഉള്ളിൽ കുടുങ്ങുകയായിരുന്നു. നിമിഷനേരം കൊണ്ട് തീ പടർന്നുപിടിച്ചതോടെ ഉള്ളിലകപ്പെട്ട യാത്രക്കാർ വെന്തുമരിക്കുകയായിരുന്നു. തീപിടിച്ചതിനു പിന്നാലെ ബസ് പൊട്ടിത്തെറിച്ചു. അപകടം നടന്നത് പുലർച്ചെ ആയതിനാൽ യാത്രക്കാർ ഉറക്കത്തിലായിരുന്നതും അപകടത്തിന്റെ വ്യാപ്തി കൂട്ടി.

## മെയ്ക് ഇൻ ഇന്ത്യ മാതൃകാപരം: ഇന്ത്യയെ പുകഴ്ത്തി വ്ളാഡിമിർ പുട്ടിൻ

**മോസ്കോ:** മെയ്ക് ഇൻ ഇന്ത്യ പദ്ധതിയെ പുകഴ്ത്തി റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുട്ടിൻ. ഇന്ത്യൻ സാമ്പത്തിക രംഗത്ത് വ്യക്തമായ മാറ്റമുണ്ടാക്കാൻ പദ്ധതിക്കായെന്നും അദ്ദേഹം പറഞ്ഞു. അഭിമുഖത്തിനിടെയാണ് പുട്ടിൻ ഇക്കാര്യം പറഞ്ഞത്.

ഇന്ത്യയിലെ നമ്മുടെ സുഹൃത്തുക്കളും പ്രധാനമന്ത്രി നരേന്ദ്ര മോദിയും കുറച്ച് വർഷം മുൻപ് അവതരിപ്പിച്ച മെയ്ക് ഇൻ ഇന്ത്യ പദ്ധതി വളരെ വ്യക്തമായ മാറ്റം സാമ്പത്തിക രംഗത്തുണ്ടാക്കി. റഷ്യയിലെ പ്രാദേശിക ഉൽപ്പന്നങ്ങളും ബ്രാൻഡുകളും പ്രോത്സാഹിപ്പിക്കുന്നതിന് മെയ്ക് ഇൻ ഇന്ത്യ പദ്ധതി മാതൃകയാണ് പുട്ടിൻ പറഞ്ഞു. അടുത്തിടെ റഷ്യൻ അംബാസഡർ ഡെനിസ് അലിപോവ് ഇന്ത്യാ  റഷ്യ ബന്ധം കുടുതൽ കരുത്താർജിക്കുകയാണെന്നു പറഞ്ഞിരുന്നു. ഇന്ത്യ റഷ്യ ബന്ധം തകർക്കാൻ നിരന്തരം നുണ പ്രചാരണം നടക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.പ്രധാനമന്ത്രി നരേന്ദ്ര മോദി യുഎസ് സന്ദർശനം നടത്തി തന്ത്രപ്രധാനമായ പല കരാറുകളും ഒപ്പിട്ടതിനു പിന്നാലെയാണ് പുട്ടിൻ ഇന്ത്യയെ പുകഴ്ത്തി രംഗത്തെത്തിയത്.

## ഇൻഡിഗോയുടെ മൂല്യം ഒരു ലക്ഷം കോടി

**ന്യൂഡൽഹി:** രാജ്യത്തെ ഏറ്റവും വലിയ ആഭ്യന്തര വിമാന സർവീസായ ഇൻഡിഗോയുടെ മാതൃകമ്പനി ഇന്റർഗ്ലോബ് ഏവിയേഷന്റെ വിപണി മൂല്യം ഒരു ലക്ഷം കോടി രൂപയെന്ന റെക്കോർഡ് പിന്നിട്ടു. ആദ്യമായാണ് ഒരു വ്യോമയാന കമ്പനിയുടെ വിപണി മൂല്യം ഒരു ലക്ഷം കോടി കടക്കുന്നത്.

ബുധനാഴ്ച ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ചിൽ കമ്പനിയുടെ ഓഹരിവില 3.55 ശതമാനം ഉയർന്ന് 2,619.85 രൂപയിലെത്തി. വ്യാപാരത്തിനിടെ 4.12 ശതമാനം വർധിച്ച് 52 ആഴ്ചയ്ക്കിടയിലെ ഉയർന്ന നിലവാരമായ 2,634.25 രൂപയിൽ തൊടുകയും ചെയ്തു. ഇതോടെ വിപണി മൂല്യം 1,01,007.56 കോടി രൂപയിൽ എത്തി.






# നിയമലംഘനങ്ങൾ കണ്ടെത്താൻ ഡ്രോൺ

**തിരുവനന്തപുരം:** നഗരത്തിൽ ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്താനും കുറ്റവാളികളെ പിടികൂടാനും ഇനി പറക്കും പൊലീസ്. പൊലീസിന്റെ ഡ്രോൺ ഫൊറൻസിക് യൂണിറ്റിന്റെ ഭാഗമായി പൊലീസ് ഡ്രോണിന്റെ പ്രവർത്തനം ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റിലാണു തുടങ്ങിയത്. നിലവിൽ ഒരു ഡ്രോൺ ക്യാമറയാണ് സിറ്റി ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റിനു ലഭിച്ചത്. ഉടൻ തന്നെ രണ്ടെണ്ണം കൂടി എത്തും. ചെന്നൈയിൽ നിന്നു പരിശീലനം നേടിയ സിവിൽ പൊലീസ് ഉദ്യോഗസ്ഥർക്കാണ് ഡ്രോൺ പറത്തുന്നതിനുള്ള ചുമതല നൽകിയത്.

ആദ്യഘട്ടത്തിൽ ട്രാഫിക് നിയമലംഘനങ്ങൾ നടത്തുന്നവരെ ഡ്രോൺ ഉപയോഗിച്ചു നിരീക്ഷിക്കും. ബൈക്ക് റേസിങ്, ബൈക്ക് സ്റ്റണ്ടിങ് നടത്തുന്നവരെ പിൻതുടർന്ന് വാഹനത്തിന്റെ റജിസ്ട്രേഷൻ നമ്പർ ഡ്രോണിൽ ഘടിപ്പിച്ചിട്ടുള്ള ക്യാമറ ഒപ്പിയെടുക്കും. പൊലീസ് ഇവർക്കെതിരെ നിയമ നടപടി സ്വീകരിക്കും. നമ്പർ പ്ലേറ്റിൽ രൂപമാറ്റം വരുത്തുന്നതും വാഹനത്തിനു രൂപഭേദം വരുത്തുന്നതും പിടിക്കപ്പെടും. ഹെൽമറ്റും സീറ്റ് ബെൽറ്റും ധരിക്കാതെ യാത്ര ചെയ്യുന്നവരെയും കണ്ടെത്താം. സീബ്രാ ക്രോസിങ്ങിൽ വാഹനം നിർത്തുന്നവരെയും ചുവന്ന സിഗ്നലിൽ വാഹനം നിർത്താതെ പോകുന്നവരെയും ഗതാഗത തടസ്സം സൃഷ്ടിച്ച് വാഹന പാർക്കിങ് നടത്തുന്നവരെയും പിടികൂടും.

അൾട്രാ സൂം ക്യാമറ രാത്രിയും പകലും വ്യക്തമായ ദൃശ്യവും വിഡിയോയും പകർത്തും. ഗതാഗതക്കുരുക്കുള്ള റോഡുകൾ കണ്ടെത്തി പരിഹരിക്കാൻ ഡ്രോണിന്റെ സേവനം ഉപയോഗിക്കുമെന്നു സിറ്റി പൊലീസ് കമ്മിഷണർ സി.എച്ച്.നാഗരാജു പറഞ്ഞു.നഗരത്തിൽ ഏതു ഭാഗത്താകും ക്യാമറ പ്രവർത്തിക്കുകയെന്ന് മുൻകൂട്ടി അറിയാൻ കഴിയാത്തതിനാൽ നിയമ ലംഘനങ്ങൾ എപ്പോഴും പിടിക്കപ്പെടാം. നഗരത്തിലുണ്ടാകുന്ന കുറ്റകൃത്യങ്ങൾ കണ്ടെത്താനും ഡ്രോൺ യൂണിറ്റിനെ ഉപയോഗിക്കാനാകുമെന്നാണ് പൊലീസ് കരുതുന്നത്.

# വിലക്കയറ്റം, സബ്സിഡി കുടിശിക: കുടുംബശ്രീ ഹോട്ടലുകൾ പ്രതിസന്ധിയിൽ



**പിറവം:** പച്ചക്കറി വില കുതിച്ചുയർന്നതോടെ കുടുംബശ്രീ ജനകീയ ഹോട്ടലുകളുടെ പ്രവർത്തനം പ്രതിസന്ധിയിലേക്ക്. സാധാരണക്കാർക്ക് ആശ്വാസമായി സർക്കാർ സബ്സിഡിയോടെ ആരംഭിച്ച സംരംഭമാണിത്. എന്നാൽ ഊണിനു സർക്കാർ നിശ്ചയിച്ച സബ്സിഡി മാസങ്ങളായി കുടിശികയാണ്. ഇതിനു പുറമെ വിലക്കയറ്റവും കൂടിയായതോടെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ ക്ലേശിക്കുകയാണെന്നു കുടുംബശ്രീ അംഗങ്ങൾ പറയുന്നു. അച്ചാറും തോരനും സാമ്പാറും ഉൾപ്പെടുന്നതാണു ജനകീയ ഹോട്ടലിലെ ഉച്ചഭക്ഷണം. 20 രൂപയാണു നിരക്ക്. 10 രൂപ സർക്കാർ സബ്സിഡിയായി കുടുംബശ്രീക്കു നൽകും. സ്പെഷൽ വേണ്ടവർക്കു 60 രൂപയ്ക്കു മത്സ്യ മാംസ വിഭവങ്ങളും ഊണിനൊപ്പം നൽകും. മേഖലയിൽ ദിവസം 250 ഊണു വരെ വിൽപ്പനയുള്ള ജനകീയ ഹോട്ടലുകളുണ്ട്. 5 പേരെങ്കിലും രാവിലെ മുതൽ ജോലി ചെയ്താലെ ചോറും കറികളും തയാറാകൂ. നാളുകളായി കുടിശിക ആയിരുന്ന സബ്സിസി തുക കഴിഞ്ഞ ഡിസംബറിൽ വിതരണം ചെയ്തു. ഇതിനു ശേഷം ലഭിക്കേണ്ട തുകയാണു കുടിശികയായത്. തക്കാളി, പച്ചമുളക്, ഇഞ്ചി, ചെറിയ ഉള്ളി, ബീൻസ് തുടങ്ങിയവയുടെ വിലയാണു കഴിഞ്ഞ 2 ആഴ്ചയ്ക്കുള്ളിൽ ഇരട്ടിയായി ഉയർന്നത്.

ഇതോടെ കറികളിൽ പപ്പായ, വാഴച്ചുണ്ട്, ഏത്തവാഴയ്ക്ക തുടങ്ങിയവ കൂടുതലായി ഉൾപ്പെടുത്തുകയാണെന്നു കുടുംബശ്രീ അംഗങ്ങൾ പറഞ്ഞു. ഇവയും ലഭിക്കുന്നതിനു ക്ഷാമമുണ്ട്. പച്ചക്കറി വാങ്ങിയ കടകളിൽ നൽകേണ്ട തുക പലയിടത്തും മാസങ്ങളായി കുടിശികയാണ്. സർക്കാർ സബ്സിഡി തുക മുടക്കമില്ലാതെ ലഭിച്ചില്ലെങ്കിൽ കടുത്ത ബുദ്ധിമുട്ട് നേരിടുമെന്നാണു നടത്തിപ്പുകാർ പറയുന്നത്.

## ദേശീയപാത ഭൂമിയേറ്റെടുക്കൽ; തുക അനുവദിക്കുക ഭൂമിരാശി പോർട്ടൽ വഴി മാത്രം

**ആലപ്പുഴ:** ജില്ലയിൽ ദേശീയപാത ഭൂമിയേറ്റെടുക്കലിലെ സ്തംഭനാവസ്ഥ തുടർന്നേക്കും. ഭൂമിരാശി പോർട്ടൽ വഴി മാത്രമേ ഇനി തുക അനുവദിക്കാനാകൂ എന്നു പ്രോജക്ട് ഡയറക്ടർ പറഞ്ഞു. ജില്ലയിലെ ഭൂമിയേറ്റെടുക്കൽ വിഭാഗം ആവശ്യപ്പെട്ട തുക എൽഎ (ലാൻഡ് അക്വിസിഷൻ) അക്കൗണ്ടിൽ നിക്ഷേപിച്ചെങ്കിലും സമയത്തു വിതരണം നടന്നില്ല. ഈ വർഷമാദ്യം നഷ്ടപരിഹാര വിതരണത്തിലുണ്ടായ കാലതാമസമാണ് ഇപ്പോഴത്തെ പ്രശ്നത്തിനു കാരണം. മറ്റു ജില്ലകളിലും സമാന സ്ഥിതിയുണ്ടായിരുന്നെങ്കിലും രൂക്ഷമായത് ആലപ്പുഴയിലാണെന്നും പ്രോജക്ട് ഡയറക്ടർ പറഞ്ഞു. മാർച്ച് പകുതിയോടെ 600 കോടി രൂപയാണു ഭൂമിയേറ്റെടുക്കൽ വിഭാഗം ദേശീയപാത അതോറിറ്റിയോട് ആവശ്യപ്പെട്ടത്.

ഏപ്രിൽ 1 മുതൽ പണം അനുവദിക്കുന്നതിനു ഭൂമിരാശി പോർട്ടൽ നിർബന്ധമാക്കിയിരുന്നു. എന്നാൽ മുൻകാല അപേക്ഷ പരിഗണിച്ച് ഇളവു നൽകാമെന്നു ദേശീയപാത അതോറിറ്റി അറിയിച്ചു. ഈ ഇളവു ലഭിക്കില്ലെന്നാണു നിലവിൽ അറിയുന്നത്. ഭൂമിരാശി പോർട്ടൽ ഉപയോഗിക്കാൻ ജില്ലയിലെ ഭൂമിയേറ്റെടുക്കൽ വിഭാഗത്തിനുള്ള ക്ലാസ് ഓഗസ്റ്റിൽ മാത്രമാകും നടക്കുക. അതിനു ശേഷം നിലവിൽ നഷ്ടപരിഹാര വിതരണം പൂർത്തിയായവയുടെ വിവരങ്ങൾ ചേർക്കണം. എങ്കിൽ മാത്രമാകും പുതുതായി പണം അനുവദിക്കുക.അതേസമയം ഭൂമിരാശിയിലെ ഇളവു ലഭിക്കില്ലെന്നതു സംബന്ധിച്ചു ദേശീയപാത അതോറിറ്റിയിൽ നിന്ന് അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ലെന്നു ജില്ലാ ഭൂമിയേറ്റെടുക്കൽ വിഭാഗം പറയുന്നു.

തുറവൂർ ആകാശപ്പാതയ്ക്കായി അരയേക്കർ സ്ഥലമേറ്റെടുക്കുന്നതിനുള്ള അന്തിമ വിജ്ഞാപനമായി. 10 കോടി രൂപ ചെലവിട്ടാണ് ഏറ്റെടുക്കൽ. ഇതിനു പുറമേ ഒരു ഹെക്ടർ സ്ഥലം കൂടി ആവശ്യമായി വരും. ഇതിന്റെ 3എ വിജ്ഞാപനം പുറപ്പെടുവിക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. ആകാശപ്പാതയുടെ ഭൂമിയേറ്റെടുക്കൽ വിവരങ്ങൾ ആദ്യം മുതലേ ഭൂമിരാശി പോർട്ടലിൽ ചേർത്തിരുന്നു. അതിനാലാണു പണം അനുവദിക്കാനാകുന്നത്.ഇതിനു പുറമേ ആലപ്പുഴ ബൈപാസിൽ നിർമിക്കുന്ന നാലു റാംപുകളിൽ രണ്ടെണ്ണത്തിന്റെ പ്രാഥമിക വിജ്ഞാപനമായെന്നും സൂചനയുണ്ട്.

## കടക്കരഭാഗത്ത് മത്സ്യം ചത്തുപൊങ്ങുന്നു; കൂടുമത്സ്യക്കർഷകർ ആശങ്കയിൽ

**ഏഴിക്കര:** വീരൻപുഴയിൽ കടക്കര ഭാഗത്തു മത്സ്യങ്ങൾ ചത്തുപൊങ്ങുന്നതു വർധിച്ചിട്ടും അധികൃതർ തിരഞ്ഞു നോക്കുന്നില്ലെന്ന് ആക്ഷേപം. വായ്പയെടുത്തും ലക്ഷങ്ങൾ ചെലവഴിച്ചും കാളാഞ്ചിയും കരിമീനും കൃഷി ചെയ്യുന്ന കൂടുമത്സ്യ കർഷകർ ആശങ്കയിൽ. കഴിഞ്ഞ ശനിയാഴ്ചയാണ് ആദ്യമായി മത്സ്യങ്ങൾ ചത്തുപൊങ്ങിയത്. പിന്നീടുള്ള ദിവസങ്ങളിലും തുടർന്നു. കടക്കര ഭാഗത്തു കൂടുമത്സ്യക്കൃഷി ചെയ്ത 2 കർഷകർക്കു വലിയ നഷ്ടമുണ്ടായി. ഇരുവരുടെയും 250 കിലോഗ്രാമോളം മത്സ്യം ചത്തുപോയി.



കഴിഞ്ഞദിവസം മറ്റൊരു കർഷകന്റെ കൂട്ടിലെ ഏതാനും മത്സ്യങ്ങൾ കൂടി ചത്തു പൊങ്ങിയതോടെ സമീപ സ്ഥലങ്ങളിൽ കൃഷിയിറക്കിയ പലരും മീനുകളെ പിടിച്ചു തുടങ്ങി. പുഴയിലെ കൂരി, ചെമ്മീൻ തുടങ്ങിയ മറ്റു മത്സ്യങ്ങളും ചത്തുപൊങ്ങുന്നുണ്ട്. മത്സ്യങ്ങൾ പുഴയുടെ മുകൾ തട്ടിൽ വന്നു ശ്വാസം വലിക്കുകയാണ്. പുഴയിൽ വലയിടുന്നവർക്കും ചത്തതും ചാകാറായതുമായ മത്സ്യങ്ങൾ ലഭിക്കുന്നു. നിലവിൽ കടക്കര ഭാഗത്തു മാത്രമുള്ള പ്രതിസന്ധി വരും ദിവസങ്ങളിൽ മറ്റു സ്ഥലങ്ങളിലേക്കും വ്യാപിക്കുമോയെന്ന ആശങ്കയിലാണു കർഷകർ.

പുഴയിലെ വെള്ളത്തിന്റെ പ്രശ്നമാണു മത്സ്യങ്ങൾ ചത്തുപൊങ്ങാൻ കാരണമെന്നാണു വിലയിരുത്തൽ. എന്നാൽ, ഇതുവരെ സ്ഥലം സന്ദർശിക്കാനും പരിശോധിക്കാനുള്ള വെള്ളത്തിന്റെ സാംപിൾ എടുക്കാനോ അധികൃതർ തയാറാകാത്തതിനെതിരെ പ്രതിഷേധമുയരുന്നുണ്ട്. കുറച്ചുനാൾ മുൻപ് ഏലൂർ, വരാപ്പുഴ, മുട്ടിനകം, ചേരാനല്ലൂർ തുടങ്ങിയ സ്ഥലങ്ങളിലും സമാന രീതിയിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയിരുന്നു.

# മണ്ണുത്തി വടക്കഞ്ചേരി ദേശീയപാതയിൽ കുതിരാനു സമീപം വിള്ളൽ രൂപപ്പെട്ടു



**കുതിരാൻ (തൃശൂർ) :** മണ്ണുത്തി വടക്കഞ്ചേരി 6 വരി ദേശീയപാതയിലെ വഴുക്കുംപാറ മേൽപാതയിൽ അപകടകരമായ വിള്ളൽ. ഇതോടെ കുതിരാനു സമീപം അര കിലോമീറ്റർ ദൂരം ഒറ്റവരി മാത്രമായി ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. കുതിരാൻ തുരങ്കത്തിൽനിന്ന് 300 മീറ്റർ അകലെ, തൃശൂർ ഭാഗത്തേക്കുള്ള പാതയിൽ 50 മീറ്റർ നീളത്തിലാണ് 8 സെന്റിമീറ്റർ വരെ വീതിയുള്ള വിള്ളലുണ്ടായത്. വൈകിട്ട് കോൺക്രീറ്റ് മിശ്രിതം ഉപയോഗിച്ച് വിള്ളൽ അടച്ച് ടാർപോളിൻ ഷീറ്റ് ഇട്ടു മൂടി.

7 മാസത്തിനിടെ മൂന്നാം തവണയാണ് ഇതേ സ്ഥലത്തു വിള്ളലുണ്ടാകുന്നത്. കഴിഞ്ഞ ഡിസംബർ 14നും മേയ് 31നും വിള്ളലുണ്ടായപ്പോൾ ശാസ്ത്രീയമായി പരിഹരിക്കാതെ അവഗണിക്കുകയായിരുന്നു അധികൃതർ. ആവശ്യമായ ചെരിവില്ലാതെയുള്ള കരിങ്കൽഭിത്തി നിർമാണമാണു പതിവായി വിള്ളൽ രൂപപ്പെടുന്നതിനു കാരണം.

ദേശീയപാതയുടെ രൂപരേഖയിൽ വഴുക്കുംപാറയിൽ ഇരുഭാഗത്തും കോൺക്രീറ്റ് സംരക്ഷണഭിത്തി ആയിരുന്നെന്ന് ദേശീയപാത പ്രോജക്ട് ഡയറക്ടർ ബിബിൻ മധു പറഞ്ഞു. എന്നാൽ തൃശൂർ ഭാഗത്തേക്കുള്ള പാതയിൽ സർവീസ് റോഡ് വേണമെന്ന ആവശ്യവുമായി നാട്ടുകാർ രംഗത്തെത്തി.

അതു നടപ്പാക്കാനും കാലതാമസം ഒഴിവാക്കാനുമായി ആവശ്യമായ ചെരിവില്ലാതെ ഭിത്തി നിർമിക്കേണ്ട അടിയന്തര സാഹചര്യം ഉണ്ടായെന്നു ഡയറക്ടർ വിശദീകരിച്ചു. ഇപ്പോൾ, ശാശ്വത പരിഹാരമെന്ന നിലയിൽ കോൺക്രീറ്റ് സംരക്ഷണഭിത്തി തന്നെ മേഖലയിൽ നിർമിക്കാൻ തീരുമാനമായെന്നും എസ്റ്റിമേറ്റ് നടപടികൾ പൂർത്തിയായെന്നും ഡയറക്ടർ പറഞ്ഞു. തൽക്കാലം വെള്ളം ഊർന്നിറങ്ങി കൂടുതൽ ഇടിയാതിരിക്കാൻ ശ്രമം നടത്തും.

ഡിസംബർ 31നു വിള്ളലുണ്ടായപ്പോൾ കരിങ്കൽ ഭിത്തിയിൽ അറ്റകുറ്റപ്പണി നടത്തുക മാത്രമാണു ചെയ്തത്. മേയ് 31ന് വീണ്ടും വിള്ളൽ രൂപപ്പെട്ടു. അപകടകരമായ സാഹചര്യം മാധ്യമങ്ങളും തദ്ദേശസ്ഥാപന ജനപ്രതിനിധികളും ചൂണ്ടിക്കാണിച്ചിട്ടും പ്രധാനപ്പെട്ട ഉദ്യോഗസ്ഥരോ ജനപ്രതിനിധികളോ സന്ദർശനം നടത്താനോ അപകടാവസ്ഥ പരിശോധിക്കാനോ തയാറായിരുന്നില്ല. മുൻപുണ്ടായ വിള്ളലിനെ അപേക്ഷിച്ച് ഇന്നലെ രൂപപ്പെട്ട വിള്ളൽ കൂടുതൽ അപകടകരമാണെന്നു നാട്ടുകാർ പറഞ്ഞു.

കേരളത്തിലെ ആദ്യ ആറുവരിപ്പാതയായ വടക്കഞ്ചേരി മണ്ണുത്തി ദേശീയപാതയിൽ അറ്റകുറ്റപ്പണികൾ ഒഴിഞ്ഞ ദിവസമില്ല. 28 കിലോമീറ്റർ മാത്രം നീളമുള്ള പാതയുടെ പല ഭാഗങ്ങളിലും അടിക്കടിയുള്ള വിള്ളലുകൾ പതിവായിരിക്കുകയാണ്. സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള പ്രശ്നങ്ങളിൽപ്പെട്ടതിനാൽ ദേശീയ പാത നിർമാണത്തിനായി 13 വർഷമാണ് കാത്തിരിക്കേണ്ടിവന്നത്.

എന്നാൽ പണി കഴിഞ്ഞിട്ടും പണി ഒഴിയാത്ത അവസ്ഥയാണിവിടെ. തൃശൂർ ഭാഗത്തേക്കുള്ള കുതിരാൻ തുരങ്കത്തിനു മുന്നിൽ ഇന്നലെയും അറ്റകുറ്റപ്പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. 2 വരി പാതയിലെ ഗതാഗതം നിയന്ത്രിച്ചാണു പണി നടക്കുന്നത്. വാഹനങ്ങൾ കടന്നു പോകുമ്പോൾ ശക്തമായ കുലുക്കവും ഇവിടെ അനുഭവപ്പെടുന്നുണ്ട്.

വടക്കഞ്ചേരി മേൽപാലം നിർമിച്ച ശേഷം അൻപതിലധികം തവണ അറ്റകുറ്റപ്പണികൾ നടത്തി. 2 ബീമുകൾ ചേരുന്ന ജോയിന്റിന്റെ ബലക്ഷയം പരിഹരിക്കുന്ന പണികളാണു പുരോഗമിക്കുന്നതെന്നാണു ദേശീയ പാത അതോറിറ്റിയുടെ വിശദീകരണം. എന്നാൽ മിക്ക ദിവസങ്ങളിലും ഈ ഭാഗത്ത് അറ്റകുറ്റപ്പണികൾ നടക്കുന്നുണ്ടെന്നു നാട്ടുകാർ ചൂണ്ടിക്കാട്ടുന്നു.

ടാറിങ് കുത്തിപ്പൊളിച്ച് വീണ്ടും കോൺക്രീറ്റ് ചെയ്തു ബലപ്പെടുത്തുന്ന പണികളും പുരോഗമിക്കുകയാണ്. മുൻപും പാലത്തിന്റെ പല ഭാഗങ്ങളും കുത്തിപ്പൊളിച്ച് ടാറിങ് നടത്തിയിരുന്നു.

ആറുവരിപ്പാതയുടെ ഉദ്ഘാടനം തിരുവനന്തപുരത്തു നടന്ന ദിവസം തന്നെ പാതയിൽ വഴുക്കുംപാറ ഭാഗത്തു വിള്ളൽ രൂപപ്പെട്ടിരുന്നു.

# കുളം സംരക്ഷിക്കാൻ കയർ ഭൂവസ്ത്രം



**കടലുണ്ടി:** ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത് നേതൃത്വത്തിൽ മണ്ണൂർ ഹോമിയോ ആശുപത്രിക്കു സമീപം നിർമിച്ച കുളത്തിനു കയർഭൂവസ്ത്രം വിരിക്കുന്നു. തൊഴിലുറപ്പു പദ്ധതിയിൽ 10 ാം വാർഡിലെ എ.പി.കൃഷ്ണന്റെ പറമ്പിൽ നിർമിച്ച കുളത്തിന്റെ ചെരിവിലാണ് കയർ ഭൂവസ്ത്രം വിരിക്കുന്നത്.

18 മീറ്റർ നീളവും 6 മീറ്റർ വീതിയുമുള്ള കുളത്തിനു 3 മീറ്ററാണ് ആഴം. വെള്ളത്തിലേക്ക് ഇറങ്ങാൻ പടികൾ ഒരുക്കിയ കുളത്തിൽ മണ്ണൊലിപ്പ് തടയാനാണ് കയർ ഭൂവസ്ത്രം വിരിച്ച് പാർശ്വ ഭാഗങ്ങൾ സംരക്ഷിക്കുന്നത്. ചെരിവുള്ള പ്രദേശങ്ങളിൽ മണ്ണിനെ തടഞ്ഞു നിർത്തി സംരക്ഷിക്കാൻ ചെക്ക് ഡാം പോലെയാണ് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നത്.

ശക്തമായ സമ്മർദത്തിൽ വെള്ളം ഒഴുകി വന്നാലും മണ്ണിനെ നിലനിർത്താനാകും എന്നതാണ് പ്രത്യേകത. തൊഴിലുറപ്പ് പദ്ധതിയിൽ 1.28 ലക്ഷം രൂപ വകയിരുത്തിയ പ്രവൃത്തി 14 തൊഴിലാളികൾ 21 ദിവസം കൊണ്ടാണു പൂർത്തീകരിച്ചത്. മഴക്കാലത്ത് പരമാവധി വെള്ളം സംഭരിച്ചു സംരക്ഷിക്കുകയാണ് ലക്ഷ്യം. കുളത്തിൽ മഴവെള്ളം ശേഖരിക്കുന്നതോടെ സമീപ പ്രദേശങ്ങളിലെ കിണറുകളിൽ ജലവിതാനം ഉയർത്താനാകും.

## മുഴുവൻ സർക്കാർ സ്കൂളുകളുടെയും ഭൂമി അളന്ന് തിട്ടപ്പെടുത്തണം: ബാലാവകാശ കമ്മീഷൻ

**തിരുവനന്തപുരം:** സംസ്ഥാനത്തെ മുഴുവൻ സർക്കാർ സ്കൂളുകളുടെയും ഭൂമി അളന്ന് തിട്ടപ്പെടുത്താനും വ്യക്തമായ രേഖകൾ തയ്യാറാക്കി സൂക്ഷിക്കാനും ബാലാവകാശ കമ്മീഷൻ ഉത്തരവായി. സംസ്ഥാനത്തെ പല വിദ്യാലയങ്ങളുടെയും വസ്തു സംബന്ധമായ രേഖകൾ സ്കൂൾ അധികൃതരുടെയോ വിദ്യാഭ്യാസ വകുപ്പിന്റെയോ കൈവശമില്ലെന്ന് കമ്മീഷൻ കണ്ടെത്തിയ സാഹചര്യത്തിലാണ് അംഗങ്ങളായ പി.പി.ശ്യാമളാദേവി, സി.വിജയകുമാർ എന്നിവരുടെ ഡിവിഷൻ ബെഞ്ച് ഉത്തരവ് പുറപ്പെടുവിച്ചത്.

കാസർകോട് തളങ്കര ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾവക വസ്തു ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ റവന്യൂരേഖകളിൽ മാറ്റങ്ങൾ വരുത്തി സ്കൂളിന്റേതാക്കാനുള്ള നടപടി സ്വീകരിക്കാനും കയ്യേറ്റങ്ങൾ ഒഴിവാക്കി സ്കൂളിന്റെ സ്ഥലം അളന്ന് തിട്ടപ്പെടുത്തി അതിർത്തി നിർണ്ണയിക്കാനും പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഡയറക്ടർ, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, കാസർകോട് ജില്ലാ കളക്ടർ, തഹസിൽദാർ, മുൻസിപ്പൽ സെക്രട്ടറി, താലൂക്ക് സർവേയർ, തളങ്കര വില്ലേജ് ഓഫീസർ തുടങ്ങിയവർക്ക് കമ്മീഷൻ നിർദ്ദേശം നൽകി.

തളങ്കര ഗവ.മുസ്ലീം ഹയർ സെക്കന്ററി സ്കൂളിന്റെ 3.98 ഏക്കർ സ്ഥലം സമീപവാസികളും വ്യവസായികളും വർഷങ്ങളായി കയ്യേറിക്കൊണ്ടിരിക്കുന്നു എന്ന പരാതിയിന്മേലാണ് കമ്മീഷന്റെ ഉത്തരവ്.

1946ൽ സ്കൂളിന് പള്ളിക്കമ്മിറ്റി ദാനാധാരമായി നൽകിയ ഭൂമി സ്കൂളിന്റേതായി മാറ്റുന്നതിന് റവന്യൂ അധികൃതർ നടപടി സ്വീകരിക്കാത്തത് കൈയ്യേറ്റങ്ങൾ നടക്കാൻ കാരണമായതായി കമ്മീഷൻ നിരീക്ഷിച്ചു. ഉത്തരവിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് 2012ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടം 45 പ്രകാരം മൂന്ന് മാസത്തിനകം സമർപ്പിക്കാനും നിർദ്ദേശിച്ചു.

## സൗജന്യ തൊഴിൽ പരിശീലനം

**തിരുവനന്തപുരം:** സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം പൂജപ്പുരയിൽ പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാരുടെ തൊഴിൽ പരിശീലന കേന്ദ്രത്തിൽ കെൽട്രോണിന്റെ സഹകരണത്തോടെ ആരംഭിക്കുന്ന ആറ് മാസത്തെ വേഡ് പ്രൊസസിങ് ആൻഡ് ഡാറ്റാ എൻട്രി കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. പത്താംക്ലാസ് പാസായവർക്ക് അപേക്ഷിക്കാം. ഒരു വർഷം ദൈർഘ്യമുള്ള ഡി.സി.എ കോഴ്സിലേക്ക് പ്ലസ്ടു ജയിച്ചവർക്കും അപേക്ഷ നൽകാം. 15നും 35നും മധ്യേ പ്രായമുള്ള ഭിന്നശേഷിക്കാർക്ക് അപേക്ഷിക്കാം. താമസ സൗകര്യം സൗജന്യം.

അപേക്ഷാഫോം പൂജപ്പുരയിലുള്ള ഭിന്നശേഷിക്കാരുടെ തൊഴിൽ പരിശീലനകേന്ദ്രത്തിൽ ലഭിക്കും. നിശ്ചിത ഫോമിലോ വെള്ളക്കടലാസിലോ തയാറാക്കിയ അപേക്ഷകൾ ബയോഡാറ്റ സഹിതം ജൂലൈ 10നു മുമ്പ് സൂപ്പർവൈസർ, ഭിന്നശേഷിക്കാരുടെ തൊഴിൽ പരിശീലനകേന്ദ്രം, പൂജപ്പുര, തിരുവനന്തപുരം12 എന്ന വിലാസത്തിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 8714619990

## സഹകരണ അവാർഡുകൾ പ്രഖ്യാപിച്ചു

**തിരുവനന്തപുരം:** അന്തർദേശീയ സഹകരണ ദിനത്തോടനുബന്ധിച്ച് സഹകരണ വകുപ്പ് നൽകുന്ന സഹകരണ സംഘങ്ങൾക്കുള്ള അവാർഡുകൾ സഹകരണ, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി എൻ വാസവൻ പ്രഖ്യാപിച്ചു. തിരുവനന്തപുരത്ത് നടന്ന വാർത്താസമ്മേളനത്തിലാണ് മന്ത്രി വിജയികളെ പ്രഖ്യാപിച്ചത്.

സംസ്ഥാനത്ത് മികച്ച രീതിയിൽ പ്രവർത്തിക്കുന്ന 10 വിഭാഗങ്ങളിലെ സഹകരണ സ്ഥാപനങ്ങൾക്കാണ് സഹകരണ വകുപ്പ് അവാർഡ് നൽകുന്നത്. ഓരോ വിഭാഗത്തിലും മൂന്ന് അവാർഡുകളുണ്ട്. ഒന്നാം സ്ഥാനക്കാർക്കും വ്യക്തിഗത അവാർഡുകൾക്കും ഒരു ലക്ഷം രൂപയാണ് അവാർഡ് തുക. രണ്ടാം സ്ഥാനക്കാർക്ക് 50000 രൂപയും മൂന്നാം സ്ഥാനക്കാർക്ക് 25,000 രൂപയും അവാർഡ് ലഭിക്കും.

മികച്ച സഹകാരിക്കുള്ള റോബർട്ട് ഓവൻ പുരസ്കാരത്തിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം പ്രസിഡണ്ട് രമേശൻ പാലേരി അർഹനായി. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രത്യേക പുരസ്കാരത്തിന് കൊല്ലം ജില്ലാ സഹകരണ ആശുപത്രി (എൻ എസ് ആശുപത്രി) അർഹമായി.

ഈ വർഷത്തെ അന്തർദേശീയ സഹകരണ ദിനത്തിന്റെ പ്രമേയമായ കോഓപ്പറേറ്റീവ് ബിൽഡ് എ ബെറ്റർ വേൾഡ് എന്ന പ്രമേയം അടിസ്ഥാനമാക്കി നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തി കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടി ഫാർമേഴ്സ് സഹകരണ ബാങ്കിന് 2023ലെ കോപ് ഡേ പുരസ്കാരം ലഭിച്ചു.

## സൗജന്യ പി.എസ്.സി പരിശീലനം

**തിരുവനന്തപുരം:**പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം ജില്ലയിൽ മണ്ണന്തലയിൽ പ്രവർത്തിക്കുന്ന ഗവ. പ്രീഎക്സാമിനേഷൻ ട്രെയിനിങ് സെന്ററിൽ ആറ് മാസത്തെ സൗജന്യ പി.എസ്.സി പരീക്ഷാ പരിശീലനം നൽകുന്നു. 10/പ്ലസ്ടു, ഡിഗ്രി ലെവൽ എന്നീ പി.എസ്.സി പരീക്ഷകൾക്കുള്ള പ്രാഥമിക പരീക്ഷാ പരിശീലനത്തിലേക്കായി വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസൃതമായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ ഉദ്യോഗാർഥികൾക്ക് അപേക്ഷിക്കാം.

പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്ക് വരുമാന പരിധി ഇല്ലാതെയും മറ്റ് പിന്നാക്ക വിഭാഗക്കാർക്ക് ഒരു ലക്ഷം രൂപവരെ വാർഷിക വരുമാന പരിധിയ്ക്ക് വിധേയമായും ജാതി, വരുമാനം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, ഫോട്ടോ എന്നിവ സഹിതം ഗവ. പ്രീഎക്സാമിനേഷൻ ട്രെയിനിങ് സെന്ററിൽ നിന്നും ലഭിക്കുന്ന അപേക്ഷാ ഫോമിൽ ജൂലൈ 15ന് മുമ്പ് അപേക്ഷ സമർപ്പിക്കണം. പട്ടികജാതി/പട്ടികവർഗക്കാരായ ഉദ്യോഗാർഥികൾക്ക് സർക്കാർ ഉത്തരവിന് വിധേയമായി സ്റ്റൈപ്പന്റ് ലഭിക്കും.

## താത്പര്യപത്രം ക്ഷണിച്ചു

**തിരുവനന്തപുരം:** സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി ഭക്ഷണ/കുടിവെള്ള സാമ്പിളുകൾ പരിശോധിക്കുന്നതിനു എൻ.എ.ബി.എൽ അക്രഡിറ്റേഷൻ ഉള്ള കേരളത്തിലെ ലാബുകളിൽ നിന്നും താത്പര്യപത്രം ക്ഷണിച്ചു. വിശദവിവരങ്ങൾക്ക്: www.education.kerala.gov.in.



# ആയുർവേദ രംഗത്ത് കൂടുതൽ തൊഴിലവസരങ്ങളും സംരംഭങ്ങളും ലക്ഷ്യം: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** ആയുർവേദ രംഗത്ത് കൂടുതൽ തൊഴിലവസരങ്ങളും സംരംഭങ്ങളും ലക്ഷ്യമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആയുർവേദത്തിന് ലോകത്ത് സ്വീകാര്യതയേറുകയാണ്. ക്യൂബ ഉൾപ്പെടെയുള്ള രാജ്യങ്ങൾ സന്ദർശിച്ചപ്പോൾ ഇത് നേരിട്ട് ബോധ്യമായി. നൂറിലധികം രാജ്യങ്ങളിൽ ആയുർവേദം പ്രചരിക്കപ്പെടുന്നുണ്ട്. പല രാജ്യങ്ങളിലെ യൂണിവേഴ്സിറ്റികളുമായുള്ള ആശയ വിനിമയത്തിൽ ആയുർവേദ രംഗത്തു കേരളത്തിന്റെ സഹകരണം ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. തിരുവനന്തപുരം ഗവ. ആയുർവേദ കോളേജ് വനിതാ ഹോസ്റ്റൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

രോഗങ്ങൾക്ക് ചികിത്സ നൽകുന്നതിനോടൊപ്പം തന്നെ രോഗ പ്രതിരോധത്തിനും ആരോഗ്യ പരിപാലനത്തിനും തുല്യ പ്രാധാന്യം നൽകുന്ന സമഗ്രമായ സമീപനമാണ് ആയുർവേദത്തിന്റേത്. ആയുർവേദ ഗവേഷണം കേരളം നയിക്കണം. പരമ്പരാഗത ആരോഗ്യ മേഖലയിലുള്ള പ്രയോഗങ്ങളും ഔഷധ സമ്പത്തും കൂടുതൽ തെളിവ് അധിഷ്ഠിതമാക്കി നിലവിലുള്ള പൊതുജനാരോഗ്യ സംവിധാനവുമായി കൂട്ടിച്ചേർത്തു നല്ലൊരു മാതൃക സൃഷ്ടിക്കാൻ കഴിയും എന്നതിന്റെ അടിസ്ഥാനത്തിലാണ് അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം എന്ന ആശയത്തിലേക്ക് കേരളം എത്തിയത്. അന്താരാഷ്ട്ര ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനം ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചു.

ആയുർവേദ കോളേജിൽ ഈ അധ്യയന വർഷത്തിൽ 800ൽ പരം വിദ്യാർത്ഥികളാണ് പഠിക്കുന്നത്. ഇതിൽ 85 ശതമാനത്തിലധികം വനിതകളാണ്. നിലവിലുള്ള വനിതാ ഹോസ്റ്റൽ ആയുർവേദ കോളേജിലെ വിദ്യാർഥിനികളെ ഉൾകൊള്ളുന്നതിനു പര്യാപ്തമല്ല. ഈ സാഹചര്യത്തിലാണ് 5.65 കോടി രൂപ ചെലവഴിച്ച് ഒരു പുതിയ വനിതാ ഹോസ്റ്റൽ യാഥാർത്ഥ്യമാക്കിയത്.

33 ആധുനിക സൗകര്യങ്ങളുള്ള മുറികളും അടുക്കളയും ഹാളുകളും പഠനമുറികളും ഉൾപ്പടെയുള്ള സൗകര്യമാണ് സജ്ജീകരിച്ചിട്ടുള്ളത്. പുതിയ വനിതാ ഹോസ്റ്റലിൽ നൂറോളം വിദ്യാർത്ഥിനികൾക്ക് സുഖമായി താമസിച്ചു പഠിക്കുന്നതിനുള്ള സൗകര്യമുണ്ട്.

ആയുവർവേദ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഇൻ ചാർജ് ഡോ. ടി.ഡി. ശ്രീകുമാർ, ആയുർവേദ കോളേജ് പ്രിൻസിപ്പൽ ഇൻ ചാർജ് ഡോ. ആർ. രാജം, എം. ഷാജഹാൻ, ഡോ. സി.എസ്. ശിവകുമാർ, വി.കെ. ഷീജ, ഡോ. സുനിൽ കുമാർ തുടങ്ങിയവർ സംസാരിച്ചു.

# ബസുകളിൽ ക്യാമറ ഘടിപ്പിക്കാനുള്ള സമയപരിധി സെപ്റ്റംബർ 30വരെ

**തിരുവനന്തപുരം:** സംസ്ഥാനത്തെ റോഡുകളിലെ വാഹനങ്ങളുടെ പുതുക്കിയ വേഗപരിധി മുതൽ പ്രാബല്യത്തിലാക്കി വിജ്ഞാപനം പുറപ്പെടുവിച്ചതായും സംസ്ഥാനത്തെ സ്റ്റേജ് കാര്യേജുകളിൽ ക്യാമറ ഘടിപ്പിക്കാനുള്ള സമയപരിധി സെപ്റ്റംബർ 30 വരെ നീട്ടിയതായി മന്ത്രി ആന്റണി രാജു അറിയിച്ചു. ദേശീയ വിജ്ഞാപനത്തിനനുസൃതമായി പുതുക്കിയ വേഗപരിധി അനുസരിച്ച് 9 സീറ്റ് വരെയുള്ള യാത്രാ വാഹനങ്ങൾക്ക് 6 വരി ദേശീയ പാതയിൽ 110 കിലോമീറ്റർ, 4 വരി ദേശീയ പാതയിൽ 100, മറ്റ് ദേശീയപാത, 4 വരി സംസ്ഥാന പാത എന്നിവയിൽ 90 കിലോമീറ്റർ, മറ്റ് സംസ്ഥാനപാതകളിലും പ്രധാന ജില്ലാ റോഡുകളിലും 80, മറ്റു റോഡുകളിൽ 70, നഗര റോഡുകളിൽ 50 കിലോമീറ്റർ എന്നിങ്ങനെയാണ് അനുവദനീയ വേഗപരിധി.

ഒമ്പത് സീറ്റിനു മുകളിലുള്ള ലൈറ്റ്മീഡിയം ഹെവി യാത്ര വാഹനങ്ങൾക്ക് 6 വരി ദേശീയ പാതയിൽ 95 കിലോമീറ്റർ, 4 വരി ദേശീയ പാതയിൽ 90, മറ്റ് ദേശീയപാതകളിൽ 85, 4 വരി സംസ്ഥാന പാതയിൽ 80 കിലോമീറ്റർ, മറ്റ് സംസ്ഥാനപാതകളിലും പ്രധാന ജില്ലാ റോഡുകളിലും 70, മറ്റു റോഡുകളിൽ 60, നഗര റോഡുകളിൽ 50 കിലോമീറ്റർ എന്നിങ്ങനെയാണ് പരമാവധി വേഗം അനുവദിച്ചിട്ടുള്ളത്.

ചരക്ക് വാഹനങ്ങളുടെ വേഗപരിധി 6 വരി, 4 വരി ദേശീയപാതകളിൽ 80 കിലോമീറ്ററും മറ്റ് ദേശീയപാതകളിലും 4 വരി സംസ്ഥാന പാതകളിലും 70 കിലോമീറ്ററും മറ്റ് സംസ്ഥാനപാതകളിലും പ്രധാന ജില്ലാ റോഡുകളിലും 65 കിലോമീറ്ററും മറ്റ് റോഡുകളിൽ 60 കിലോമീറ്ററും നഗര റോഡുകളിൽ 50 കിലോമീറ്റർ ആയും നിജപ്പെടുത്തിയിട്ടുണ്ട്.ഇരുചക്ര വാഹനങ്ങൾക്ക് നഗര റോഡുകളിൽ 50 കിലോമീറ്ററും മറ്റെല്ലാ റോഡുകളിലും 60 മാണ് വേഗപരിധി. മുച്ചക്ര വാഹനങ്ങൾക്കും സ്കൂൾ ബസുകൾക്കും എല്ലാ റോഡുകളിലെയും പരമാവധി വേഗപരിധി 50 കിലോമീറ്ററാണ്.

## സംസ്ഥാന ഭിന്നശേഷി പുരസ്കാരങ്ങൾക്ക് നാമനിർദ്ദേശം ക്ഷണിച്ചു

**തിരുവനന്തപുരം:** ഭിന്നശേഷി മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയ്ക്ക് സാമൂഹ്യനീതി വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംസ്ഥാന ഭിന്നശേഷി അവാർഡ് 2023ന് നാമനിർദ്ദേശങ്ങൾ ക്ഷണിച്ചു.

ഇരുപത് വിഭാഗങ്ങളിലായാണ് പുരസ്കാരം നൽകുക. നാമനിർദ്ദേശത്തോടൊപ്പം നിർദ്ദിഷ്ട മാതൃകയിൽ ആവശ്യപ്പെട്ടിട്ടുള്ള വിശദാംശങ്ങളും മാനദണ്ഡങ്ങൾ പ്രകാരമുള്ള മറ്റു രേഖകളും ലഭ്യമാക്കണം. നാമനിർദ്ദേശങ്ങൾ സാമൂഹ്യനീതി ഡയറക്ടറേറ്റിലേക്കോ ജില്ലാ സാമൂഹ്യനീതി ഓഫീസർക്കോ ആണ് നൽകേണ്ടത്.

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട മികച്ച ജീവനക്കാരൻ (ഗവ/പൊതുമേഖല/സ്വകാര്യമേഖല), സ്വകാര്യമേഖലയിൽ ഏറ്റവും കൂടുതൽ ഭിന്നശേഷിക്കാർക്ക് തൊഴിൽ ലഭ്യമാക്കിയ തൊഴിൽദായകർ, ഭിന്നശേഷിമേഖലയിൽ പ്രവർത്തിക്കുന്ന മികച്ച എൻ.ജി.ഒ സ്ഥാപനങ്ങൾ, ഭിന്നശേഷിയുള്ള മികച്ച മാതൃകാവ്യക്തി, മികച്ച സർഗ്ഗാത്മക കഴിവുള്ള ഭിന്നശേഷി കുട്ടി, ഭിന്നശേഷിയുള്ള മികച്ച കായിക താരം, ഭിന്നശേഷി വിഭാഗത്തിൽ നിന്ന് ദേശീയ അന്തർദേശീയ പുരസ്കാരങ്ങൾക്ക് അർഹരായിട്ടുള്ളവർ, ഭിന്നശേഷിമേഖലയിൽ മികച്ച പ്രകടനം കാഴ്ചവെച്ച ജില്ലാ പഞ്ചായത്ത്, ഭിന്നശേഷിമേഖലയിൽ മികച്ച പ്രകടനം കാഴ്ചവെച്ച ജില്ലാ ഭരണകൂടം, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത്, എൻജിഒകൾ നടത്തിവരുന്ന ഭിന്നശേഷിമേഖലയിലെ മികച്ച പുനരധിവാസ കേന്ദ്രം, സാമൂഹ്യനീതി വകുപ്പിനു കീഴിലെ മികച്ച ഭിന്നശേഷിക്ഷേമ സ്ഥാപനം, ഭിന്നശേഷിസൗഹൃദ സ്ഥാപനം, സംസ്ഥാന സർക്കാർ വകുപ്പുകളുടെ മികച്ച ഭിന്നശേഷി സൗഹൃദ വെബ് സൈറ്റ്, ഭിന്നശേഷിസൗഹൃദ റിക്രിയേഷൻ സെന്ററുകൾ, ഭിന്നശേഷിക്കാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ സഹായകമാകുന്ന പുതിയ പദ്ധതികൾ/ഗവേഷണങ്ങൾ/സംരംഭങ്ങൾ എന്നിവർക്ക് നാമനിർദ്ദേശം നൽകാം.സെപ്റ്റംബർ 15 ആണ് നാമനിർദ്ദേശം ലഭിക്കേണ്ട അവസാന തീയതി. കൂടുതൽ വിവരങ്ങൾക്ക്: sjd.kerala.gov.in.

## ജനറൽ നഴ്സിങ്

**തിരുവനന്തപുരം:** ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ജനറൽ നഴ്സിംഗ് സ്കൂളുകളിൽ ആരംഭിക്കുന്ന ജനറൽ നഴ്സിംഗ് 2023 കോഴ്സ് പ്രവേശനത്തിന് വിമുക്തഭടന്മാരിൽ നിന്നും, പ്രതിരോധ സേനയിൽ സേവനത്തിലിരിക്കവേ മരണപ്പെട്ടവരുടെയും കാണാതായവരുടെയും മക്കളായ / ആശ്രിതരായ കുട്ടികൾക്ക് ഓരോ ജില്ലയിലും സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്ക് ശിപാർശയ്ക്കായി അപേക്ഷ ക്ഷണിച്ചു. അപേക്ഷാഫോമും പ്രോസ്പെക്ടസും www.dhs.kerala.gov.in ൽ ലഭ്യമാണ്. അപേക്ഷയുടെ പകർപ്പും എസ്.എസ്.എൽ.സി. അഥവാ തത്തുല്യ സർട്ടിഫിക്കറ്റ്, വിമുക്തഭടന്റെ എക്സ് സർവീസ് മെൻ ഐഡന്റിറ്റി കാർഡ്, ബന്ധപ്പെട്ട ജില്ലാ സൈനിക ക്ഷേമ ഓഫീസറിൽ നിന്നും നേടിയ ആശ്രിത സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും സൈനിക ക്ഷേമ ഡയറക്ടർ, സൈനികക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം 33 എന്ന മേൽവിലാസത്തിൽ ജൂലൈ 20ന് വൈകിട്ട് 5ന് മുമ്പ് നൽകണം.



# ഡബ്ല്യുഎസ്എസ്എസ് ഉപജീവന പരിപോഷണ പദ്ധതി തുടങ്ങി

**മാനന്തവാടി:** സാമ്പത്തികമായി പിന്നാക്കംനിൽക്കുന്ന പട്ടികവർഗ സ്വാശ്രയ സംഘാംഗങ്ങളുടെ വരുമാനം വർധിപ്പിക്കുന്നതിന് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഉപജീവന പരിപോഷണ പദ്ധതി തുടങ്ങി.

ആട് ഗ്രാമം എന്ന പേരിലാണ് നബാർഡിൻറെ സാന്പത്തിക സഹായത്തോടെ പദ്ധതി നടപ്പാക്കുന്നത്. തവിഞ്ഞാൽ, തൊണ്ടർനാട് പഞ്ചായത്തുകളിൽനിന്നു തെരഞ്ഞെടുത്ത 30 തുല്യബാധ്യതാസംഘങ്ങളിലെ 150 വനിതകൾക്ക് പദ്ധതി പ്രയോജനം ലഭിക്കും. ഓരോ ഗുണഭോക്താവിനും കുറഞ്ഞത് മൂന്ന് ആടുകളെ നൽകും.

പദ്ധതിയിൽ അംഗങ്ങളാകുന്ന വനിതകൾക്ക് ആട് വളർത്തലിൽ 10 ദിവസത്തെ പരിശീലനം ലഭ്യമാക്കും. ഫാമുകളിലേക്ക് പഠനയാത്ര സംഘടിപ്പിക്കും. ആടുകളെ വാങ്ങുന്നതിന് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കും. ഗുണമേൻമയുള്ള ആടുകളെ കണ്ടെത്തി വാങ്ങുന്നതിനു സഹായിക്കും. പദ്ധതി ഉദ്ഘാടനം സൊസൈറ്റി ഓഡിറ്റോറിയത്തിൽ തവിഞ്ഞാൽ പഞ്ചായത്ത് പ്രസിഡൻറ് എൽസി ജോയി നിർവഹിച്ചു. നബാർഡ് ജില്ലാ മാനേജർ വി. ജിഷ അധ്യക്ഷത വഹിച്ചു.

സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ.ജിനോജ് പാലത്തടത്തിൽ, ലീഡ് ബാങ്ക് മാനേജർ ബിബിൻ മോഹൻ, ഫിനാൻഷ്യൽ ലിറ്ററസി കൗൺസിലർ എം. സുധാകരൻ, ഷീന ആൻറണി, ആലിസ് സിസിൽ എന്നിവർ പ്രസംഗിച്ചു. സൊസൈറ്റി പ്രോഗ്രാം ഓഫീസർ പി.എ. ജോസ് പദ്ധതി വിശദീകരണം നടത്തി.



# സംസ്ഥാനത്തെ എല്ലാ ഫിഷ്മാർട്ടിന്റെയും നിർമാണം പൂർത്തീകരിക്കും : മന്ത്രി സജി ചെറിയാൻ

**പത്തനംതിട്ട:** സംസ്ഥാനത്ത് ഈ സർക്കാരിന്റെ കാലത്ത് നിശ്ചയിച്ചിട്ടുള്ള എല്ലാ ഫിഷ്മാർട്ടിന്റെയും നിർമാണം സമയബന്ധിതമായി പൂർത്തീകരിക്കുകയാണ് ലക്ഷ്യമെന്ന് ഫിഷറീസ്, സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ പറഞ്ഞു. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആധുനിക രീതിയിൽ നിർമിച്ച അടൂർ ശ്രീമൂലം മാർക്കറ്റിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. അടൂർ മണ്ഡലത്തിൽ വിപ്ലവകരമായ മാറ്റങ്ങളാണ് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാറിന്റെ നേതൃത്വത്തിൽ നടത്തുന്നത്.

ശ്രീമൂലം മാർക്കറ്റിന്റെ നിർമാണം സമയബന്ധിതമായി പൂർത്തീകരിച്ച് നാടിന് സമർപ്പിച്ചിരിക്കുന്നത് മാതൃകാപരമായ പ്രവർത്തനമാണ്. .അടൂരിന്റെ വികസന രംഗത്തെ മുന്നേറ്റങ്ങളിൽ ഒന്നായി ശ്രീമൂലം മാർക്കറ്റും മാറുമെന്നും മന്ത്രി പറഞ്ഞു. കേരളത്തിൽ 51 ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനായി 138 കോടി രൂപയാണ് സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുള്ളത്. ഫിഷറീസ് വകുപ്പ് തീരദേശ വികസന കോർപറേഷൻ വഴിയാണ് ഈ പ്രവർത്തികൾ നടപ്പിലാക്കുന്നത്.

ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ ചെല്ലാനത്ത് ഈ വർഷം ഇന്ത്യയിലെ മുഴുവൻ മൽസ്യങ്ങളെയും കൊണ്ടുവന്ന് ഫിഷ്ഫെസ്റ്റ് നടത്തും. ഇതോടെ ടൂറിസത്തിനായുള്ള ഒരു ലൊക്കേഷനായി ചെല്ലാനം മാറും. സംസ്ഥാന സർക്കാർ ഇതിനായി 750 കോടി രൂപ വിനിയോഗിച്ച് നടപ്പാക്കുന്ന പദ്ധതി അന്തിമഘട്ടത്തിൽ ആണെന്നും മന്ത്രി പറഞ്ഞു.

ലൈഫ് മിഷൻ , വിദ്യഭ്യാസം , ആരോഗ്യം , സാംസ്കാരികം തുടങ്ങിയ എല്ലാ മേഖലകളിലും സംസ്ഥാനം വികസന മുന്നേറ്റത്തിലാണ്. സമൂലമായ പരിവർത്തനം ലക്ഷ്യമിടുന്ന വികസന പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ മുന്നോട്ട് വയ്ക്കുന്നത്.

തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായി മണ്ഡലത്തിൽ തൊഴിൽ സംരംഭം തുടങ്ങുന്നതിനുള്ള സ്ഥലം നൽകിയാൽ അതിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണ്ട സഹായങ്ങൾ നൽകുമെന്നും മന്ത്രി പറഞ്ഞു.



## റൺവേ വികസനം: ഒരു വീടിന് 4.60 ലക്ഷം രൂപ അധിക നഷ്ടപരിഹാരം

**മലപ്പുറം:** കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ വികസനത്തിനായി ഭൂമിയേറ്റെടുക്കുമ്പോൾ വീടു നഷ്ടപ്പെടുന്ന കുടുംബങ്ങൾക്ക് അധിക നഷ്ടപരിഹാരം നൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിൽ. ആകെ 98 ഭൂവുടമകളിൽ നിന്നായി 14.5 ഏക്കറാണ് ഏറ്റെടുക്കേണ്ടിവരിക. ഇതിൽ വീട് നഷ്ടമാകുന്ന 64 കുടുംബങ്ങളുണ്ട്. വീടിനും സ്ഥലത്തിനും വെവ്വേറെ നഷ്ടപരിഹാരത്തുകയാണു നൽകുന്നത്. ഇതിനു പുറമേ, ഒരു വീടിന് 4.60 ലക്ഷം രൂപ അധികം നൽകാനും തീരുമാനിച്ചിരുന്നു. ഈ തുക 10 ലക്ഷം ആക്കി ഉയർത്തണമെന്നാണ് ഭൂവുടമകൾ ആവശ്യപ്പെട്ടത്.

ഈ ആവശ്യം പരിഗണിച്ചാൽ 3.45 കോടി രൂപ കൂടി അധികമായി ഭൂമിയേറ്റെടുക്കലിനു വേണ്ടിവരും. ഇക്കാര്യമാണ് സർക്കാരിന്റെ സജീവ പരിഗണനയിലുള്ളത്. വീട് നഷ്ടമാകുന്നവരിൽ പലരും ഇതിനു മുൻപും വിമാനത്താവളത്തിനായി ഭൂമി വിട്ടുകൊടുത്തവരായതിനാൽ അധിക നഷ്ടപരിഹാരത്തിന് യോഗ്യതയുണ്ടെന്നാണു നിലവിൽ വിലയിരുത്തൽ. അധിക തുക സംബന്ധിച്ച കാര്യം സർക്കാരിനെ അറിയിച്ചിട്ടുണ്ടെന്നും നടപടിക്രമങ്ങൾ പൂർത്തിയാക്കി ജൂലൈ 31ന് അകം ഭൂമിയേറ്റെടുത്തു കൈമാറാനാകുമെന്നാണു പ്രതീക്ഷയെന്നും മന്ത്രി വി.അബ്ദുറഹിമാൻ പറഞ്ഞു. മറ്റെന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉണ്ടായാൽക്കൂടി ഓഗസ്റ്റ് 15ന് അകം ഭൂമിയേറ്റെടുക്കൽ പൂർത്തിയാക്കാമെന്നാണ് അധികൃതരുടെ പ്രതീക്ഷ.

റൺവേ വികസനത്തിന് ഭൂമി ഏറ്റെടുക്കാൻ ഭരണാനുമതി ലഭിക്കുന്നത് കഴിഞ്ഞ വർഷം ഓഗസ്റ്റ് 11ന് ആണ്. ആദ്യ വിജ്ഞാപനമിറങ്ങുന്നത് ഓഗസ്റ്റ് 19നും. മറ്റൊരു ഓഗസ്റ്റിലേക്കുകൂടി നടപടിക്രമങ്ങൾ നീളുമോ അതോ ജൂലൈയിൽ തന്നെ തീരുമാനമാകുമോ എന്നാണ് ഇനി അറിയാനുള്ളത്. ആദ്യ വിജ്ഞാപനമിറങ്ങിയതിനു ശേഷം ഭൂവുടമകളുടെ പ്രതിഷേധം കാരണം പലതവണ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കു തടസ്സം നേരിട്ടു. മന്ത്രി വി.അബ്ദുറഹിമാന്റെ നേതൃത്വത്തിൽ ജനപ്രതിനിധികളും ഭൂവുടമസ്ഥരും ചർച്ച നടത്തിയ ശേഷമാണ് ഓരോ തവണയും മുന്നോട്ടു പോയത്. വീടു നഷ്ടപ്പെടുന്നവർക്കുള്ള അധിക നഷ്ടപരിഹാരം ഉൾപ്പെടെ 84 കോടി രൂപയാണ് ഭൂമിയേറ്റെടുക്കലിനു വേണ്ടിവരിക. ഇത് അനുവദിച്ചാൽ ഭൂമി ഏറ്റെടുക്കലിന്റെ അവസാന വിജ്ഞാപനം 19(1) ഇറക്കാൻ കഴിയുമെന്നും ജൂലൈ 31ന് തന്നെ ഭൂമി ഏറ്റെടുത്ത് കൈമാറാൻ കഴിയുമെന്നാണു പ്രതീക്ഷ.

## സ്കോൾ കേരള ഹയർസെക്കണ്ടറി രണ്ടാം വർഷ പ്രവേശനം

**തിരുവനന്തപുരം:** 202324 അധ്യയന വർഷം സ്കോൾ കേരള മുഖേന ഹയർസെക്കണ്ടറി കോഴ്സ് രണ്ടാം വർഷ പ്രവേശനം, പുനഃപ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾക്ക് ജൂലൈ 15 വരെ ഓൺലൈനായി രജിസ്റ്റർ ചെയ്യാമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. ഫീസ് ഘടനയും രജിസ്ട്രേഷൻ മാർഗനിർദേശങ്ങളും www.scolekerala.org യിൽ ലഭിക്കും. ഓൺലൈനായി രജിസ്റ്റർ ചെയ്ത അപേക്ഷയുടെ പ്രിന്റ് ഔട്ടും, അനുബന്ധ രേഖകളും ജൂലൈ 18 വൈകുന്നേരം 5 മണിക്ക് മുമ്പ് സ്കോൾ കേരളയുടെ സംസ്ഥാന ഓഫീസിൽ ലഭിക്കണം.

## ഏകദിന ഫാബ്രിക് പെയിന്റിംഗ് വർക്ക്ഷോപ്പ്

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ ഉന്നത വിദ്യഭ്യാസ വകുപ്പിന്റെ കീഴിലുള്ള അസാപ് കേരളയുടെ കളമശ്ശേരിയിലെ കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ ഏകദിന ഫാബ്രിക് പെയിന്റിംഗ് വർക്ക്ഷോപ്പ് ജൂലൈ രിന് നടത്തും. കലംകാരി, വർളി, മധുബനി തുടങ്ങിയ ഭാരതീയ ഡിസൈനിങ് ഇവിടെ പരിശീലിപ്പിക്കും. വിവിധ തരം വസ്ത്രങ്ങളിൽ ഉപയോഗിക്കാവുന്ന ഡിസൈനുകൾ കൂടി ഉൾപ്പെടുത്തിയിട്ടു്. ലൊക്കേഷൻ: കമ്മ്യൂണിറ്റി സ്കിൽ പാർക്ക്, കളമശ്ശേരി. കൂടുതൽ വിവരങ്ങൾക്ക്: 9778598336/9495219570.

## ഗവേണിംങ്ങ് ബോഡി യോഗം ജൂലൈ 3ന്

**കൊച്ചി:** ജില്ലാ ആരോഗ്യ കുടുംബ ക്ഷേമ സൊസൈറ്റിയുടെ ഗവേണിംങ്ങ് ബോഡി യോഗം ജൂലൈ 3 ന് ഉച്ചയ്ക്ക് 2ന് ന് സൊസൈറ്റി ചെയർമാനും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമായ ഉല്ലാസ് തോമസിന്റെ അധ്യക്ഷതയിൽ ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേരും.

## പാർട്ട് ടൈം ക്ലാർക്ക് കരാർ നിയമനം

**കൊച്ചി:** എറണാകുളം മഹാരാജാസ് കോളേജിൽ കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് പ്രതിമാസം 10000 രൂപ നിരക്കിൽ പാർട്ട് ടൈം ക്ലാർക്ക് തസ്തികയിലെ ഒരു ഒഴിവിലേക്ക് താത്കാലിക നിയമനം നടത്തുന്നു. യോഗ്യത: അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം. അർഹരായ ഉദ്യോഗാർഥിക്കായി ജൂലൈ 7ന് ഇന്റർവ്യൂ നടത്തും. താത്പര്യമുള്ളവർ അന്നേ ദിവസം രാവിലെ 11ന് അസൽ സർട്ടിഫിക്കറ്റുകളുമായി കോളേജിൽ അഭിമുഖത്തിനു ഹാജരാകണം.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** 2023-24 സാമ്പത്തിക വർഷത്തിൽ വടവുകോട് ഐ.സി.ഡി.എസ് പ്രോജക്ടിന് കീഴിലുള്ള 155 അങ്കണവാടികൾക്ക് പ്രീ സ്കൂൾ കിറ്റുകൾ വിതരണം ചെയ്യുന്നതിന് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 11ന് ഉച്ചയ്ക്ക് രു വരെ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484 2730320, 9188959736.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാശിശുവികസന വകുപ്പിന്റെ കീഴിൽ നോർത്ത് പറവൂർ ഐസിഡിഎസ് പ്രോജക്ടിലെ 179 അങ്കണവാടികൾക്ക് പ്രീ സ്കൂൾ എഡ്യൂക്കേഷൻ കിറ്റുകൾ വിതരണം ചെയ്യുന്നതിന് താല്പര്യമുള്ള സ്ഥാപനങ്ങളിൽ നിന്നും ടെൻഡറുകൾ സ്വീകരിക്കുന്നതിന് കേരള സർക്കാറിന്റെ 'ലലേിറല്യ.സല്യമഹമ.ഴീ.ശി' എന്ന പോർട്ടലിൽ 2023കളഇഋചജബ584923 1 എന്ന കള യിൽ 30.06.2023 തീയതിയിൽ ടെൻഡർ നോട്ടീസ് പ്രസിദ്ധപ്പെടുത്തിയിട്ടു്. ടെൻഡർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂലൈ 15.

### ഫീസ് ഇളവോടെ കെൽട്രോൺ തൊഴിലധിഷ്ഠിത കോഴ്സുകൾ

**കൊച്ചി:** എല്ലാ വിദ്യാർത്ഥികൾക്കും ഫീസ് ഇളവോടുകൂടി കെൽട്രോൺ തൊഴിലധിഷ്ഠിത കോഴ്സുകളായ പിജി / പ്രൊഫഷണൽ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, വെയർ ഹൗസ് ആന്റ് ഇൻവെന്ററി മാനേജ്മെന്റ് കോഴ്സുകൾ പഠിക്കാൻ അവസരം. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. കെൽട്രോൺ നോളഡ്ജ് സെന്റർ, ആലുവ. ഫോൺ: 8136802304

# മത്സ്യ ഉൽപ്പന്ന സംരംഭകത്വത്തിൽ നാഴികക്കല്ല്: സൗരോർജ്ജ ഫിഷ് ഡ്രയർ ഉദ്ഘാടനം ചെയ്തു



**കൊച്ചി:**ഐ സി എ ആർ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി കോരമ്പാടം സർവീസ് സഹകരണ ബാങ്കിന് നൽകിയ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഫിഷ് ഡ്രയർ കെ.എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. മത്സ്യസമ്പത്ത് കുറഞ്ഞുവരുന്ന സാഹചര്യത്തിൽ ലഭ്യമായ വിഭവം കൂടുതൽ വിപുലമായി ഉപയോഗിക്കുന്നതിന് ഡ്രയർ സംരംഭം ഉതകുമെന്ന് അദ്ദേഹം പറഞ്ഞു.സി ഐ എഫ് ടി യിലെ എൻജിനീയറിങ്ങ് വിഭാഗം രൂപകല്പന ചെയ്ത് നിർമ്മിച്ച ഫിഷ് ഡ്രൈയർ സൗരോർജ്ജത്തിലാണ് പ്രവർത്തിക്കുന്നതെന്നതിനാൽ പ്രവർത്തനച്ചെലവ് വളരെ കുറവായിരിക്കും. ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ ഗവേഷണ പദ്ധതിയിൽപ്പെടുത്തി നിർമ്മിച്ച 50 കിലോഗ്രാം ഉല്പാദനശേഷിയുള്ള സോളാർ ഡ്രൈയർ സൗജന്യമായാണ് സി ഐ എഫ് ടി ബാങ്കിനു നൽകുന്നത്.ബാങ്കിനു കീഴിലുള്ള സമൃദ്ധി വനിതാ സ്വയം സഹായ ഗ്രൂപ്പാണ് ഡ്രൈയർ ഉപയോഗിക്കുന്ന ഉത്പാദന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. കടമക്കുടിയുടെ തനതായ രുചി വിഭവങ്ങൾ ആണ് ഇതിൽ പ്രധാനമായും ഉത്പാദിപ്പിക്കുന്നത്. ഉണക്ക ചെമ്മീൻ, ഉന്നക്ക നന്തൻ ഉൾപ്പെടെ മീനുകൾ കൂടാതെ മീൻ, ചെമ്മീൻ അച്ചാറുകൾ, ചമ്മന്തി പൊടി എന്നിവ ഉത്പാദിപ്പിക്കുകയും ബാങ്ക് ഈ ഉത്പന്നങ്ങൾ വിപണനം നടത്തുകയും ചെയ്യും.ഉത്പാദന മികവും ഗുണനിലവാരവും നിലനിർത്തുന്നതിന് ആവശ്യമായ പ്രത്യേക പരിശീലനം സി ഐ എഫ് ടിയിൽ നൽകിയിട്ടുണ്ട്.പ്രൊഡക്ഷൻ യൂണിറ്റ് ഉദ്ഘാടനം മീറ്റ് പ്രോസസ്സിംഗ് ഓഫ് ഇന്ത്യ ലിമിറ്റഡ് ചെയർമാൻ ഇ.കെ ശിവൻ നിർവഹിച്ചു. ഐ സി എ ആർ സി ഐ എഫ് ടി ഡയറക്ടർ ഡോ. ജോർജ് നൈനാൻ അധ്യക്ഷത വഹിച്ചു. ഐ സി എ ആർ സി ഐ എഫ് ടി എഞ്ചിനീയറിംഗ് സെക്ഷൻ ഇൻചാർജ് ഡോ: എസ് മുരളി റിപ്പോർട്ട് അവതരിപ്പിച്ചു. ആദ്യ വിൽപനോദ്ഘാടനം സി ഐ എഫ് ടി ഡയറക്ടർ ഡോ. ജോർജ് നൈനാൻ, ബാങ്ക് മുൻ വൈസ് പ്രസിഡന്റ് കെ.വി ആന്റണിക്ക് നൽകി നിർവഹിച്ചു. കടമക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മേരി വിൻസെന്റ്, വൈസ് പ്രസിഡന്റ് വിപിൻ രാജ്, ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് മെമ്പർ മനു ശങ്കർ, ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ എം.എസ് ആന്റണി, ഷീജ ജോസ്, ബാങ്ക് പ്രസിഡന്റ് ഹരോൾഡ് നികോൾസൺ, സി ഐ എഫ് ടി എക്സ്റ്റൻഷൻ, ഇൻഫർമേഷൻ ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡിവിഷൻ ഹെഡ് ഡോ.നികിത ഗോപാൽ, സീനിയർ സയന്റിസ്റ് ഡോ: വി.കെ സജേഷ് ബാങ്ക് ബോർഡ് അംഗം കെ.കെ പ്രതാപ് കുമാർ എന്നിവർ സംസാരിച്ചു.

# സൈനിക ജോലികൾ നേടാൻ എസ്.സി വിഭാഗക്കാർക്ക് സൗജന്യ പരിശീലനം; സ്ക്രീനിംഗ് ജൂലൈ 11 ന്

**കൊച്ചി:** സർക്കാരിന്റെ നൂറ് ദിന കർമ പരിപാടികളിൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗക്കാർക്കായി നടപ്പിലാക്കുന്ന ഉന്നതി പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് പരിശീലന പദ്ധതിയിലൂടെ സൈനിക അർദ്ധ സൈനിക, പോലീസ്, എക്സൈസ് തുടങ്ങിയ സേനാ വിഭാഗങ്ങളിൽ തൊഴിൽ നേടാൻ ആഗ്രഹിക്കുന്ന യുവതീ യുവാക്കൾക്ക് രണ്ട് മാസത്തെ റസിഡൻഷ്യൽ പരിശീലനം നൽകുന്നു. 18നും 26നും ഇടയിൽ പ്രായമുള്ള ആരോഗ്യവാൻമാരായ ഉദ്യോഗാർത്ഥികൾക്കാണ് അവസരം. വിദ്യാഭ്യാസ യോഗ്യത:എസ്എസ് എൽസി. പുരുഷന്മാർക്ക് 166 സെന്റിമീറ്ററും വനിതകൾക്ക് 157 സെന്റിമീറ്ററും കുറഞ്ഞത് ഉയരമുണ്ടായിരിക്കണം. പ്ലസ്ടുവോ ഉയർന്ന യോഗ്യതയുള്ളവർക്ക് മുൻഗണന. ഉദ്യോഗാർത്ഥികൾക്ക് കായിക ക്ഷമതാ പരീക്ഷ, എഴുത്തു പരീക്ഷ, ഇന്റർവ്യൂ എന്നിവയിൽ വിജയിക്കുവാനുള്ള പ്രാപ്തി നേടിക്കൊടുക്കുക എന്നതാണ് പരിശീലനത്തിലൂടെ ലക്ഷ്യമിടുന്നത്. കേരള സർക്കാർ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പരിശീലനം കോഴിക്കോട് പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്ററിലാണ് നടത്തുക. താല്പര്യമുള്ളവർ യോഗ്യതാ സർട്ടിഫിക്കറ്റ്, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, ആധാർ കാർഡ് എന്നിവയുടെ പകർപ്പുകളും മൂന്ന് കോപ്പി പാസ്പോർട്ട് ഫോട്ടോയും സഹിതം ജൂലൈ 11 ന് രാവിലെ 11 ന് കാക്കനാട് സിവിൽ സ്റ്റേഷനിലുള്ള ജില്ലാ പട്ടികജാതി വികസന ഓഫീസിൽ എത്തിച്ചേരണം. വിശദ വിവരങ്ങൾക്ക്: 04842422256.

# അവശ്യ സാധനങ്ങളുടെ കരിഞ്ചന്തയും പൂഴ്ത്തിവെപ്പും തടയൽ; ഫുഡ് സേഫ്റ്റി വിഭാഗങ്ങൾ ഉൾപ്പെട്ട സ്ക്വാഡ് പരിശോധന നടത്തി

### 41 സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതിൽ വിവിധ കുറ്റങ്ങൾക്ക് 22 സ്ഥാപനങ്ങൾക്ക് എതിരെ നടപടി സ്വീകരിച്ചു. ലൈസൻസുകൾ പ്രദർശിപ്പിക്കാത്ത കടകൾ, വിലവിവര പട്ടിക പ്രദർശിപ്പിക്കാത്ത കടകൾ തുടങ്ങിയ സ്ഥാപനങ്ങൾക്കെതിരെ നടപടി എടുത്തു

**കൊച്ചി:** അവശ്യ സാധനങ്ങളുടെ കരിഞ്ചന്തയും പൂഴ്ത്തിവെപ്പും തടയുന്നതിന്റെ ഭാഗമായി താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിൽ ലീഗൽ മെട്രോളജി, ഫുഡ് സേഫ്റ്റി വിഭാഗങ്ങൾ ഉൾപ്പെട്ട സ്ക്വാഡ് ആലുവ താലൂക്കിലെ വിവിധ പഞ്ചായത്തുകളിലെ മത്സ്യം, മാംസം, പഴംപച്ചക്കറി സ്റ്റാളുകൾ, ഹോട്ടലുകൾ, പലചരക്ക് ഹോൾസെയിൽ, റീട്ടെയിൽ സ്ഥാപനങ്ങൾ എന്നിവയിൽ പരിശോധന നടത്തി. പഴകിയ ഭക്ഷ്യവസ്തുക്കൾ പിടിച്ചെടുത്ത് നശിപ്പിക്കുകയും വിവിധ ലൈസൻസുകൾ പ്രദർശിപ്പിക്കാത്ത കടകൾ, വിലവിവര പട്ടിക പ്രദർശിപ്പിക്കാത്ത കടകൾ തുടങ്ങിയ സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി എടുത്തു. 41 സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതിൽ വിവിധ കുറ്റങ്ങൾക്ക് 22 സ്ഥാപനങ്ങൾക്ക് എതിരെ നടപടി സ്വീകരിച്ചു. ഭക്ഷ്യ വസ്തുക്കൾക്ക് അമിതവില ഈടാക്കുന്നത് തടയുന്നതിനും അളവ്, ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കുന്നതിനുമായിരുന്നു പരിശോധന. പരിശോധനയിൽ താലൂക്ക് സപ്ലൈ ഓഫീസർ പി.എ റിയാസ്, ലീഗൽ മെട്രോളജി ഇൻസ്പെക്ടർ ബാബു കെ ജോർജ്, ഫുഡ് സേഫ്റ്റി ഓഫീസർ അനീഷ എന്നിവർ പങ്കെടുത്തു.

# ക്രോമയുടെ ബാക്ക് ടു കാമ്പസ് സെയിൽ

**കൊച്ചി:** ലാപ്ടോപുകൾ, ടാബ് ലെറ്റുകൾ, സ്മാർട്ട് ഫോണുകൾ, ഹെഡ്ഫോണുകൾ, ഇയർഫോണുകൾ തുടങ്ങിയവയിൽ വൻ ആനുകൂല്യങ്ങളുമായി ക്രോമയുടെ ബാക്ക് ടു കാമ്പസ് സെയിൽ ആരംഭിച്ചു. എക്സ്ക്ലൂസീവ് വൗച്ചറുകളും സെയിൽ ആനുകൂല്യങ്ങളും ബാക്ക് ടു കാമ്പസ് സെയിലിൻറെ ഭാഗമായി ലഭിക്കുമെന്ന് കമ്പനി അധികൃതർ അറിയിച്ചു.ക്രോമ ബാക്ക് ടു കാമ്പസ് സെയിൽ ആനുകൂല്യങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ടത് ലാപ്ടോപുകളിലെ ഇളവുകളാണ്. പ്രതിമാസം 1,412 രൂപ മുതൽ ആരംഭിക്കുന്ന 350ൽ ഏറെ ലാപ്ടോപ് ഓപ്ഷനുകൾ ക്രോമയിൽ ലഭ്യമാണ്. 32,990 രൂപയിൽ തുടങ്ങുന്ന ഇൻറൽ കോർ ഐ3 ലാപ്ടോപുകളിൽ മൈക്രോസോഫ്റ്റ് ഹോം ആൻറ് സ്റ്റുഡൻറ്സ് സൗജന്യമായി പ്രീ ഇൻസ്റ്റാൾ ചെയ്തു ലഭിക്കും. ഗെയിമിങിനായുള്ള 37,990 രൂപയിൽ തുടങ്ങുന്ന റൈസെൻ 3 ലാപ്ടോപുകളിലും മൈക്രോസോഫ്റ്റ് ഹോം ആൻറ് സ്റ്റുഡൻറ്സ് സൗജന്യമായി ലഭിക്കും. ആപ്പിളിൻറെ എല്ലാ ഉത്പന്നങ്ങളിലും പ്രത്യേക ഇളവുകൾ ക്രോമ ലഭ്യമാക്കുന്നുണ്ട്.ടാബ് ലെറ്റുകളും സ്മാർട്ട് ഫോണുകളും ഡീലുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടാബ് ലെറ്റുകൾ 11,999 രൂപയിലാണ് ആരംഭിക്കുന്നത്. സ്മാർട്ട് ഫോണുകൾ പ്രതിമാസം 1,337 രൂപയിൽ തുടങ്ങുന്ന വിധത്തിൽ തെരഞ്ഞെടുക്കാം. തെരഞ്ഞെടുത്ത സ്മാർട്ട് ഫോൺ മോഡലുകളിൽ 8,000 രൂപ വരെ എക്സ്ചേഞ്ച് ബോണസും ലഭിക്കും. കൂടാതെ തെരഞ്ഞെടുത്ത സ്മാർട്ട് ഫോണുകൾ വാങ്ങുമ്പോൾ 9,999 രൂപയുടെ കോളിങ് സ്മാർട്ട് വാച്ച് 499 രൂപയ്ക്ക് ലഭിക്കും.ഇയർഫോണുകളുടേയും ഹെഡ്ഫോണുകളുടേയും ശ്രേണിയിൽ ക്രോമ 65 ശതമാനം വരെ ഇളവുകളാണു നൽകുന്നത്. സ്മാർട്ട് വാച്ചുകൾക്ക് 80 ശതമാനം വരെ ഇളവ് ലഭിക്കും.വിദ്യാർത്ഥികളുടെ അദ്ധ്യയന വർഷത്തെ മികച്ചതാക്കാനായി പ്രമുഖ ബ്രാൻഡുകളുമായി ക്രോമ പങ്കാളിത്തം ഉണ്ടാക്കിയിട്ടുണ്ട്. എജ്യൂടെക് പ്ലാറ്റ്ഫോമായ ടെക്സ്റ്റ്ബുക്കിൻറെ 50,000 രൂപ വില വരുന്ന 12 ഫുൾടൈം കോഴ്സുകൾ വിജയിക്കാനുള്ള




അവസരം ക്രോമയുടെ സാമൂഹ്യമാധ്യമ പേജുകളിലെ പ്രവർത്തനങ്ങൾ വഴി ലഭിക്കും. ഇതിനു പുറമെ പ്രത്യേക വിഭാഗങ്ങളിൽ നിന്നുള്ള ഓരോ പർചേസുകൾക്കും ഒപ്പം ടെക്സ്റ്റ്ബുക്ക്സ് സ്കിൽ അക്കാദമിയിൽ നിന്നുള്ള 25 മിനി കോഴ്സുകളും ലഭിക്കും.മൊബൈൽ ആപ്പിലൂടെ നടത്തുന്ന ഓരോ വാങ്ങലിനും 1299 രൂപ വില വരുന്ന കോപ്ലിമെൻററി പെർഫ്യൂമാണ് ദി മാൻ കമ്പനിയുമായി സഹകരിച്ചു ക്രോമ നൽകുന്നത്. ഇതിനു പുറമെ വെറും ഒരു രൂപയ്ക്ക് മൈഗ്ലാമിൽ നിന്ന് കോമ്പോ ഉൽപന്നം (ലിപ്സ്റ്റിക്) വാങ്ങാനും അവസരം ലഭിക്കും.ബാക്ക് ടു കാമ്പസ് കാമ്പെയിൻറെ ഭാഗമായി ഡിജിറ്റൽ ഫിലിമുകളുടെ പരമ്പരയും ക്രോമ അവതരിപ്പിച്ചിട്ടുണ്ട്. യുവതലമുറയേയും അവരുടെ ജീവിതത്തിൽ ഇലക്ട്രോണിക്സ് വഹിക്കുന്ന പങ്കിനേയും ഉയർത്തിക്കാട്ടുന്നതാണ് ഈ ഫിലിമുകൾ.ക്രോമയുടെ ബാക്ക് ടു കാമ്പസ് കാമ്പെയിൻറെ ഭാഗമായുള്ള ആനുകൂല്യങ്ങൾ പൂർണമായി മനസിലാക്കുവാൻ അടുത്തുള്ള സ്റ്റോറോ www.croma.com എന്ന പേജോ സന്ദർശിക്കുക.

# ഫെഡറൽ ബാങ്ക് ചെയർമാനായി എ പി ഹോത നിയമിതനായി



**കൊച്ചി:** ഫെഡറൽ ബാങ്ക് ചെയർമാനായി അഭയ് പ്രസാദ് ഹോത നിയമിതനായി. ജൂൺ 29 മുതൽ 2026 ജനുവരി 14 വരെയുള്ള കാലയളവിലെ പാർട് ടൈം ചെയർമാനായുള്ള നിയമനത്തിന് റിസർവ് ബാങ്കിന്റെ അംഗീകാരം ലഭിച്ചു. 2018 ജനുവരി 15 മുതൽ ഫെഡറൽ ലഭിച്ചു സ്വതന്ത്ര ഡയറക്ടറായി സേവനമനുഷ്ഠിച്ചു വരികയായിരുന്നു.റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ 27 വർഷത്തെ സേവനപാരമ്പര്യമുള്ള ഹോത വിജയ ബാങ്കിലും ആന്ധ്ര ബാങ്കിലും ഡയറക്ടറായിട്ടു്. നാഷനൽ പേമെന്റ് കോർപറേഷൻ ഓഫ് ഇന്ത്യ (എൻ.പി.സി.ഐ) യുടെ മുഖ്യ ശിൽപ്പികളിലൊരാളാണ്. 2009 മുതൽ 2017 വരെ എൻ.പി.സി.ഐ മാനേജിങ് ഡയറക്ടറും ആയിരുന്നു.സംബൽപൂർ യൂനിവേഴ്സിറ്റിയിൽ നിന്ന് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദം നേടിയ എ. പി. ഹോത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബാങ്കിങ് ആൻ്റ് ഫിനാൻസ് ഓണററി ഫെലോ കൂടിയാണ്.

## യു.പി.എസ്.സി ഈപിഎഫ്ഓ പരീക്ഷ: ഞായറാഴ്ച്ച അധിക സർവ്വീസ് ഒരുക്കി കൊച്ചി മെട്രോ



**കൊച്ചി:** ഞായറാഴ്ച്ച യു.പി.എസ്.സി ഈപിഎഫ്ഓ പരീക്ഷ നടക്കുന്നതിനാൽ കൊച്ചി മെട്രോ സർവ്വീസ് സമയം ദീർഘിപ്പിക്കുന്നു. പരീക്ഷയെഴുതുന്നവർക്ക് കൃത്യ സമയത്ത് തന്നെ പരീക്ഷാ സെന്ററിൽ എത്തുന്നതിനായി ഞായറാഴ്ച്ച രാവിലെ 7 മണി മുതൽ കൊച്ചി മെട്രോ സർവ്വീസ് ആലുവ, എസ് എൻ ജംഗ്ഷൻ സ്റ്റേഷനുകളിൽ നിന്ന് ആരംഭിക്കുന്നതാണ്. നിലവിൽ രാവിലെ 7.30നാണ് കൊച്ചി മെട്രോ ഞായറാഴ്ച്ചകളിൽ സർവ്വീസ് ആരംഭിച്ചിരുന്നത്.

# കേരളത്തിൽ റിലയൻസ് ജിയോയ്ക്ക് 49000ത്തിലധികം പുതിയ വരിക്കാർ

**കൊച്ചി:** ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യയുടെ (ട്രായ്) ഏറ്റവും പുതിയ കണക്കുകൾ പ്രകാരം, ജിയോ കേരളത്തിൽ 49,000 വരിക്കാരെ നേടിയതായി ജിയോ അധികതർ വ്യക്തമാക്കി. അതേസമയം സംസ്ഥാനത്തെ മൊത്തം മൊബൈൽ കണക്ഷനുകളുടെ എണ്ണം 1.64 ലക്ഷം കുറഞ്ഞ് 42.24 ദശലക്ഷമായി. ദേശീയതലത്തിൽ ജിയോയ്ക്ക് 3.04 ദശലക്ഷത്തിലധികം പുതിയ വരിക്കാർ ഉണ്ടെന്നും ജിയോ അധികൃതർ വ്യക്തമാക്കി.

2023 ഏപ്രിലിൽ, മൊത്തത്തിലുള്ള സജീവ സബ്സ്ക്രിപ്ഷനുകൾ 4.2 ദശലക്ഷം ഉയർന്നു, പ്രധാനമായും ജിയോയുടെ 4.7 ദശലക്ഷം സജീവ സബ്സ്ക്രൈബർമാരുടെ എണ്ണത്തിലെ വർധനവാണ് ഇതിന് കാരണം. കേരളത്തിലെ സജീവ ഉപഭോക്തതാക്കളുടെ എണ്ണത്തിൽ ജിയോയ്ക്ക് 2 ലക്ഷത്തിന്റെ വർദ്ധനവ് ഉണ്ടായി.പുതിയ വരിക്കാരുടെ എണ്ണത്തിലെ മികച്ച വർധനവ് ജിയോയുടെ തുടർച്ചയായ 14 മാസത്തെ നെറ്റ് സബ്സ്ക്രൈബർ വളർച്ചയെ അടയാളപ്പെടുത്തി, സജീവ ഉപയോക്താക്കളുടെ അളവുകോലായ വിസിറ്റർ ലൊക്കേഷൻ രജിസ്റ്റർ (വിഎൽആർ) അനുപാതം മുൻ മാസത്തെ 93.6 ശതമാനത്തിൽ നിന്ന് 2023 ഏപ്രിലിൽ 94.0 ശതമാനമായി ഉയർത്തി.ജിയോയ്ക്ക് ഗ്രാമീണ ഇന്ത്യയിൽ, യഥാക്രമം 1.58 ദശലക്ഷം ഉപയോക്താക്കളെ നേടാനായെന്നും ജിയോ അധികൃതർ വ്യക്തമാക്കി.

# സെൻകോ ഗോൾഡ് ഐപിഒ ജൂലൈ 4 മുതൽ




**കൊച്ചി:**സെൻകോ ഗോൾഡ് ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപ്പന (ഐപിഒ) 2023 ജൂലൈ 4 മുതൽ 6 വരെ നടക്കും. ഇതിലൂടെ 405 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിട്ടിരിക്കുന്നത്. 270 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 135 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.10 രൂപ മുഖവിലയുള്ള ഇക്വിറ്റി ഓഹരി ഒന്നിന് 301 രൂപ മുതൽ 317 രൂപവരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 47 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് അതിൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം.

# സോണി ഓപ്പൺ ബ്ലാക്ക് മോണിറ്റർ ഹെഡ്ഫോണും കണ്ടെൻസർ മൈക്രോഫോണും അവതരിപ്പിച്ചു

**കൊച്ചി:** പ്രഫഷണൽ സൗണ്ട് എഞ്ചിനീയർമാർക്കും മ്യൂസിക് ക്രിയേറ്റർമാർക്കുമായി രൂപകൽപന ചെയ്ത എംഡിആർഎംവി1 റെഫറൻസ് മോണിറ്റർ ഹെഡ്ഫോണുകൾ സോണി അവതരിപ്പിച്ചു. ഇതിന്റെ ഓപ്പൺ ബാക്ക് ഡിസൈൻ ശബ്ദത്തിന്റെ കൃത്യമായ പുനരവതരണം സാധ്യമാക്കുന്നു. ഇതിലൂടെ മിക്സിങും മാസ്റ്ററിങും 360 റിയാലിറ്റി ഓഡിയോയും ഉന്നത റസലൂഷൻ സ്റ്റീരിയോ ശബ്ദവും സാധ്യമാകുമെന്ന് സോണി ഇന്ത്യ ഓഡിയോ ബിസിനസ് മേധാവി ഷോഹെയ്




ടോയോഡ പറഞ്ഞു. ഹോം സ്റ്റുഡിയോകൾക്കായുള്ള സി80 മൈക്രോഫോണുകളും സോണി അവതരിപ്പിച്ചിട്ടുണ്ട്. വോക്കൽ, ഉപകരണങ്ങൾ എന്നിവയുടെ റെക്കോർഡിങ്, വ്ളോഗിങ്, വെബ്കാസ്റ്റിങ്, പോഡ്കാസ്റ്റിങ് തുടങ്ങിയവയ്ക്കെല്ലാം തികച്ചും അനുയോജ്യമായതാണിതെന്നും ഷോഹെയ് ടോയോഡ പറഞ്ഞു. എംഡിആർഎംവി1 ഹെഡ്ഫോണുകൾ 39,990 രൂപയ്ക്കും സി80 മൈക്രോഫോണുകൾ 49,990 രൂപയ്ക്കും സോണി റീട്ടെയിൽ സ്റ്റോറുകൾ, ০০০.വെ്ിമടേഇ.രീ, പ്രമുഖ ഇലക്ട്രോണിക് സ്റ്റോറുകൾ, ഇകോമേഴ്സ് വെബ്സൈറ്റുകൾ എന്നിവിടങ്ങളിൽ നിന്നും ജൂലൈ മൂന്നു മുതൽ ലഭ്യമാണ്.

# വിപണന ശൃംഖല വിപുലീകരണം ; കൈകോർത്ത് കീർത്തി നിർമലും ഫാംഫെഡും

**കൊച്ചി :** ഉൽപ്പന്നങ്ങളുടെ വിപണന ശൃംഖല വിപുലീകരിക്കുന്നതിനായി കേരളത്തിലെ പ്രമുഖ അരി ഉൽപ്പാദന കമ്പനിയായ കീർത്തി നിർമലും കേരളത്തിലെ പ്രമുഖ 'എഫ് എം സി ജി' ബ്രാൻഡായ ഫാംഫെഡും കൈകോർക്കുന്നു. കീർത്തി നിർമലിന്റെ സഹകരണത്തോടുകൂടി ഫാംഫെഡിന്റെ ഉൽപ്പന്നങ്ങൾ ഹോൾസെയിലായും റീടെയിലായും വിതരണം നടത്തുമെന്ന് കീർത്തി നിർമൽ മാനേജിങ് ഡയറക്ടർ ജോൺസൻ വർഗീസും ഫാംഫെഡ് വൈസ് ചെയർമാൻ അനൂപ് തോമസും വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഇരുവരും കൈകോർക്കുന്നതിലൂടെ ഗുണമേന്മയുള്ള ഭക്ഷ്യവസ്തുക്കൾ എല്ലാ മേഖലയിലും വ്യാപിപ്പിക്കാൻ കഴിയും എന്നാണ് കരുതുന്നതെന്നും ഇവർ വ്യക്തമാക്കി.ഇരുവരും ഒന്നു ചേർന്ന് പ്രവർത്തിക്കുന്നതിന്റെ ഭാഗായുള്ള ധാരണാപത്രം വാർത്താ സമ്മേളനത്തിൽ കൈമാറി.25 വർഷത്തോളമായി മലയാളികൾക്ക് സുപരിചിതമായ കീർത്തി നിർമലിന്റെ വിപണി കേരളത്തിനകത്തും പുറത്തും സജ്ജീവമാണ്. 15 ഓളം അരികൾക്ക് പുറമെ ശർക്കര,പഞ്ചസാര, ഉപ്പ് തുടങ്ങിയ ഉൽപ്പന്നങ്ങളും പുറത്തിറക്കുന്നുണ്ട്. വരും കാലങ്ങളിൽ കൂടുതൽ എഫ് എം സി ജി ഉൽപ്പന്നങ്ങൾ പുറത്തിറക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ് കീർത്തി നിർമൽ എന്ന് മാനേജിങ് ഡയറക്ടർ ജോൺസൻ വർഗീസ് പറഞ്ഞു. ഫാംഫെഡുമായി ഇത്തരമൊരു സഹകരണത്തിന്റെ ഭാഗമാവാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ട്. നൂതനമായ സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ഏറ്റവും ഗുണമേന്മയുള്ള ഉത്പ്പന്നങ്ങൾ വിപണിയിലിറക്കുവാനാണ് കീർത്തി നിർമൽ ലക്ഷ്യമിടുന്നതെന്നും ഫാംഫെഡുമായുള്ള സഹകരണം അതിന് സഹായകരമാകുമെന്നും കീർത്തി നിർമൽ മാനേജിങ് ഡയറക്ടർ ജോൺസൻ വർഗീസ് പറഞ്ഞു. 2008ൽ കോഴിക്കോട് ആസ്ഥാനമായി കാർഷികരംഗത്ത് പ്രവർത്തനമാരംഭിച്ച സഹകരണ സംരംഭമായ സതേൺ ഗ്രീൻ ഫാർമിംഗ് ആൻഡ് മാർക്കറ്റിംഗ് മൾട്ടി സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിൽ നിന്നുള്ള ബ്രാൻഡാണ് ഫാംഫെഡ്. രണ്ട് വർഷങ്ങളായി കലർപ്പില്ലാത്തതും ശുദ്ധവുമായ എഫ് എം സി ജി ഉൽപ്പന്നങ്ങളാണ് ഫാംഫെഡ് പുറത്തിറക്കുന്നതെന്ന് ഫാംഫെഡ് വൈസ് ചെയർമാൻ അനൂപ് തോമസ് പറഞ്ഞു. കാർഷിക മേഖലയിൽ നിന്ന് ഉയർന്ന നിലവാരമുള്ള ഉൽപ്പന്നങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുവാൻ ഫാംഫെഡ് നിരന്തരമായി പ്രവർത്തിച്ചുവരുന്നു. വരുംകാലങ്ങളിൽ കേരളത്തിലും തമിഴ്നാട്ടിലും ബിസിനസ്സ് വിപുലീകരിക്കുവാനാണ് ഫാംഫെഡ് ലക്ഷ്യമിടുന്നത്. കൂടാതെ ഫാംഫെഡിന്റെ കീഴിൽ പ്ലാന്റേഷനുകൾ, എഫ് എം സി ജി, ഫിഷറീസ്, ടൂറിസം, എന്നിവയുമുണ്ട്. ഇതോടൊപ്പം ഫാംഫെഡ് ബസാറെന്ന പേരിൽ സൂപ്പർമാർക്കറ്റുകളും ഉടൻ ആരംഭിക്കും.കീർത്തി നിർമ്മലിന്റെ 25 വർഷത്തിലധികമായുള്ള വിപണി പരിചയം തങ്ങൾക്ക് ഏറെ ഗുണകരമാകുമെന്നും ഫാംഫെഡ് മാനേജിങ് ഡയറക്ടർ അഖിൻ ഫ്രാൻസിസും പറഞ്ഞു . ഫാംഫെഡ് ഉൽപ്പന്നങ്ങൾ കൂടുതൽ ജനകീയമാക്കുവാൻ ഈ സഹകരണത്തിലൂടെ സാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




# ജൂണിലെ റേഷൻ വിതരണം ഇന്നും



**തിരുവനന്തപുരം:**സാമൂഹിക സുരക്ഷാ പെൻഷൻ മസ്റ്ററിംഗ്, ആധാർപാൻ കാർഡ് ലിങ്കിംഗ്, ഇഹെൽത്ത്, വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ട ഇഡിസ്ട്രിക്റ്റ്, ഇഗ്രാന്റ്സ് തുടങ്ങിയവയ്ക്കുള്ള ആധാർ ഓതന്റിക്കേഷൻ നടക്കുന്നതിനാലാണ് സംസ്ഥാനത്തെ റേഷൻ വിതരണത്തിനുള്ള ആധാർ ഓതന്റിക്കേഷനിൽ വേഗത കുറവ് നേരിട്ടതെന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ. അനിൽ അറിയിച്ചു. ഇതിനാൽ ചിലർക്കെങ്കിലും റേഷൻ വാങ്ങാൻ സാധിച്ചിട്ടില്ല. ഇതു പരിഗണിച്ച് ജൂണിലെ റേഷൻ ഇന്ന് കൂടി വിതരണം ചെയ്യും.സംസ്ഥാനത്തെ 2023 മെയ് മാസത്തെ റേഷൻ വിതരണത്തോത് 80.53 ശതമാനമായിരുന്നു. ജൂൺ 30 വൈകിട്ട് 6.50 വരെയുള്ള റേഷൻ വിതരണ തോത് 79.08 ശതമാനമാണ്. 8.45 ലക്ഷം കാർഡുടമകൾ 30ന് സംസ്ഥാനത്ത് റേഷൻ വാങ്ങി.

# കിംഗ് ഓഫ് കൊത്ത ടീസർ: 9 മില്യൺ കാഴ്ചക്കാരുമായി ട്രെൻഡിങിൽ ഒന്നാമത്



**കൊച്ചി:** കിംഗ് ഓഫ് കൊത്തയുടെ മെഗാ ടീസർ തരംഗമായതിനു പിന്നാലെ മുൻ റെക്കോർഡുകൾ പഴങ്കഥ ആക്കി മാറ്റുകയാണ് ദുൽഖർ സൽമാൻ. ടീസർ റിലീസ് ചെയ്തു 12 മണിക്കൂറിനുള്ളിൽ മലയാളത്തിൽ ഏറ്റവും കൂടുതൽ ആളുകൾ ഒരു ദിവസത്തിനുള്ളിൽ യൂട്യൂബിൽ കാഴ്ചക്കാരായെത്തിയ സിനിമയുടെ റെക്കോർഡ് ബ്രേക്ക് ചെയ്ത് അജയ്യനായി കൊത്തയിലെ രാജാവ് യൂട്യൂബ് ട്രൻഡിങ് ലിസ്റ്റിലും ഒന്നാമതായി ഇപ്പോഴും തുടരുകയാണ്. ചിത്രത്തിന്റെ ടീസറിനു വൻ വരവേൽപ്പ് ആണ് പ്രേക്ഷകർ നൽകിയത്. തുടക്കത്തിൽ ടീസറിലൂടെ ഒരു സ്പാർക് നൽകിയ ടീം ഗംഭീര പ്രൊമോഷൻ പരിപാടികൾക്കാണ് തുടക്കം നൽകിയിരിക്കുന്നത്. 96 ലക്ഷം ആളുകൾ കണ്ടു കഴിഞ്ഞ ടീസർ ഇപ്പോഴും ട്രെൻഡിങ്ങിൽ ഒന്നാം സ്ഥാനത്തു അജയ്യനായി നിലകൊള്ളുന്നു.സംവിധായകൻ ജോഷിയുടെ മകൻ അഭിലാഷ് ജോഷി സംവിധാനം ചെയ്യുന്ന ചിത്രം നിർമ്മിക്കുന്നത് സീ സ്റ്റുഡിയോസും ദുൽഖറിന്റെ വേഫേറർ ഫിലിംസും ചേർന്നാണ്.ഷബീർ കല്ലറക്കൽ,പ്രസന്ന, ഐശ്വര്യാ ലക്ഷ്മി, നൈലാ ഉഷ, ചെമ്പൻ വിനോദ്, ഗോകുൽ സുരേഷ്, ഷമ്മി തിലകൻ,വാടാ ചെന്നൈ ശരൺ, അനിഖ സുരേന്ദ്രൻ എന്നിവർ പ്രധാനകഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന ചിത്രം ഓണത്തിനാണ് തിയേറ്ററുകളിലേക്കെത്തുന്നത്.കിംഗ് ഓഫ് കൊത്തയുടെ ഛായാഗ്രഹണം : നിമീഷ് രവി, സംഗീത സംവിധാനം : ജേക്സ് ബിജോയ് ,ഷാൻ റഹ്മാൻ, ആക്ഷൻ: രാജശേഖർ, സ്ക്രിപ്റ്റ് : അഭിലാഷ് എൻ ചന്ദ്രൻ, പ്രൊഡക്ഷൻ ഡിസൈനർ : നിമേഷ് താനൂർ, എഡിറ്റർ: ശ്യാം ശശിധരൻ, കൊറിയോഗ്രാഫി: ഷെറീഫ് ,മേക്കപ്പ് :റോണെക്സ് സേവിയർ, വസ്ത്രാലങ്കാരം :പ്രവീൺ വർമ്മ, സ്റ്റിൽ :ഷുഹൈബ് എസ് ബി കെ, പ്രൊഡക്ഷൻകൺട്രോളർ :ദീപക് പരമേശ്വരൻ, മ്യൂസിക് : സോണി മ്യൂസിക്, വിതരണം : വെഫേറർ ഫിലിംസ്, പി ആർ ഓ പ്രതീഷ് ശേഖർ.

